08
2024
മാർച്ച്
വെള്ളി
കുംഭം 25

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.149 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-149 പേജ് 4. വില 2.00 രൂപ








02 ഡോക്ടർക്ക് മാർക്കിടാൻ ഇനി രോഗികൾക്കുൾപ്പെടെ അവസരം

03 പൊതുജന ആരോഗ്യരംഗത്ത് കേരളം മാതൃക: മന്ത്രി പി. എ. മുഹമ്മദ് റിയാസ്

04 കരാട്ടേ മുതൽ സേവനം വരെ: കുടുംബശ്രീയുടെ വനിതാ ദിനാഘോഷം


### രാജ്യത്തെ സർക്കാർ ഉടമസ്ഥതയിലുള്ള സി സ്പേസ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

# കലയെയും കലാകാരന്മാരെയും അംഗീകരിക്കുന്ന ഒടിടി പ്ലാറ്റ് ഫോം

കലയുടെയും കലാകാരന്മാരുടെയും മൂല്യങ്ങൾക്ക് അംഗീകാരം നൽകുന്ന ഒടിടി പ്ലാറ്റ്ഫോമായിരിക്കും സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള സി സ്പേസെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരം കൈരളി തിയേറ്ററിൽ നടന്ന ചടങ്ങിൽ സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള ഒ ടി ടി പ്ലാറ്റ് ഫോം സി സ്പേസിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഹ്രസ്വ ചിത്രത്തിൽ തുടങ്ങി ഫീച്ചർ ഫിലുമകളടക്കം ലഭ്യമാകുന്ന രാജ്യത്തെ സർക്കാർ ഉടമസ്ഥതയിലുള്ള ആദ്യ ചുവട് വെയ്പ്പെന്ന പ്രത്യേകത ഇതിനുണ്ട്.മാറുന്ന ആസ്വാദനത്തിനനുസരിച്ചുള്ള പുത്തൻ സങ്കേതങ്ങൾ ലഭ്യമാക്കണം എന്നതാണ് സർക്കാർ നയം. സിനിമ നിർമാണം, ആസ്വാദനം തുടങ്ങിയ സമസ്ത മേഖലകളിലും വേഗത്തിലുള്ള മാറ്റങ്ങൾ സംഭവിക്കുകയാണ്.

വിർചൽ റിയാലിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയുടെ സ്വാധീനം വിതരണ, പ്രദർശന മേഖലകളിലടക്കം സ്വാധീനിക്കുന്നു. സിനിമ പൊതുസ്ഥലങ്ങളിൽ നിന്ന് തിയേറ്ററിലേക്കും പിന്നീട് ടെലിവിഷന്റെ വരവോടെ വീടുകളിലേക്കും എത്തി. എന്നാൽ ഇന്റർനെറ്റിന്റെ വരവോടെ എപ്പോൾ വേണമെങ്കിലും കാണാൻ കഴിയുന്ന ഒന്നായി സിനിമ മാറി. ഒ ടി ടി പ്രദർശനത്തിനായി ലാഭം മാത്രം അടിസ്ഥാനമാക്കി സിനിമകളെ തെരഞ്ഞെടുക്കുന്ന പ്രവണതയാണ് നിലവിലുള്ളത്.

കലയുടെയും കലാകാരന്റെയും മൂല്യത്തിന് പ്രാധാന്യം നൽകാത്ത സാഹചര്യവുമുണ്ട്. അതോടൊപ്പം തദ്ദേശീയ ഭാഷാചിത്രങ്ങളെ അപ്രസക്തമായി കാണുന്നു. ഭാഷയെ പരിപോഷിപ്പിച്ച് കലയെയും കലാകരന്മാരെയും പ്രോൽസാഹിപ്പിക്കുക എന്നതാണ് സംസ്ഥാന സർക്കാർ നിലപാട്. മലയാള സിനിമയുടെ ചരിത്രത്തെ പ്രതിഫലിക്കുന്ന ഒന്നായി ഒടിടി പ്ലാറ്റ് ഫോം മാറും. മറ്റ് ഭാഷയിലെ ആദ്യകാല സിനിമകൾ പുരാണങ്ങളിലും ഇതിഹാസങ്ങളിലും പ്രമേയ സാധ്യതകൾ കണ്ടെത്തി. എന്നാൽ വിഗതകുമാരൻ, ബാലൻ തുടങ്ങിയ സാമൂഹിക ചിത്രങ്ങളിലൂടെയാണ് മലയാള സിനിമയുടെ ചരിത്രം ആരംഭിക്കുന്നത്. അടിച്ചമർത്തപ്പെട്ട മനുഷ്യർക്കൊപ്പം നിൽക്കുന്ന സാമൂഹിക ബോധം നമ്മളിൽ അലിഞ്ഞ് ചേർന്നിരിക്കുന്നു. തിയേറ്ററിൽ റിലീസ് ചെയ്ത ചിത്രങ്ങൾ മാത്രമാണ് സിസ്പേസിൽ വരിക എന്നുള്ളതുകൊണ്ട് തന്നെ തിയേറ്റർ ഉടമകളുടെയും വിതരണക്കാരുടെയും ആശങ്കകൾ പരിഹരിക്കാൻ സർക്കാരിനായി. അന്താരാഷ്ട്ര ഭീമൻ കുത്തകൾക്കുമുന്നിൽ പുതിയ ബദൽ തീർക്കുകയാണ് കേരളം ചെയ്യുന്നത്. കാണുന്ന ചിത്രങ്ങൾക്ക് മാത്രം പണം നൽകിയാൽ മതിയെന്ന പേപ്പർ വ്യൂ സംവിധാനമാണ് ഈ ഒടിടി പ്ലാറ്റ്ഫോമിന്റെ ആകർഷണം.

ഫീച്ചർ ഫിലിമിന് 75 രൂപ എന്ന നിരക്കിൽ പണം നൽകുമ്പോൾ പകുതി തുക നിർമാതാവിന് ലഭിക്കുമെന്നതും പ്രത്യേകതയാണ്. സമൂഹത്തോട് ഇത്രമേൽ ബന്ധം പുലർത്തുന്ന കലാരൂപമെന്ന നിലയിലും തൊഴിൽ മേഖലയെന്ന നിലയിലും സിനിമ മേഖലയെ ശക്തിപ്പെടുത്താനാണ് ശ്രമിക്കുന്നത്. പുരോഗമനോന്മുഖമായി നിലനിൽക്കുന്ന കലാരൂപങ്ങൾക്ക് മാത്രമേ നിലനിൽപ്പുള്ളുവെന്നത് പ്രത്യേകം ഓർക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഒ ടി ടി സാങ്കേതിക വിദ്യ തയാ




## പത്മജ വേണുഗോപാൽ ബി.ജെ.പി. അംഗത്വം സ്വീകരിച്ചു

ന്യൂഡൽഹി: കോൺഗ്രസ് നേതാവും കെ.കരുണാകരന്റെ മകളുമായ പത്മജ വേണുഗോപാൽ ബിജെപിയിൽ ചേർന്നു. ഡൽഹിയിൽ ബി.ജെ.പി. ആസ്ഥാനത്തെത്തിയാണ് പത്മജ അംഗത്വം സ്വീകരിച്ചത്. പ്രകാശ് ജാവ്ദേക്കറിൽ നിന്നാണ് പത്മജ ബിജെപി അംഗത്വം സ്വീകരിച്ചത്.

പത്മജയുടെ ബി.ജെ.പി. പ്രവേശനം സംബന്ധിച്ച് കഴിഞ്ഞ ദിവസം മുതൽ അഭ്യൂഹങ്ങളുയർന്നിരുന്നു. പ്രചാരണം ഫെയ്സ്ബുക്കിലൂടെ ആദ്യം നിഷേധിച്ച പത്മജ പിന്നീട് ഇക്കാര്യം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു. കോൺഗ്രസിലെ അവഗണനയെ തുടർന്നാണ് താൻ ബി.ജെ.പിയിലേക്ക് മാറുന്നതെന്ന് അവർ പ്രതികരിക്കുകയും ചെയ്തു.

കഴിഞ്ഞ രണ്ടു തവണകളിലായി തൃശ്ശൂരിൽ നിയമസഭയിലേക്ക് മത്സരിച്ചിരുന്നെങ്കിലും പരാജയപ്പെട്ടു. 2004ൽ മുകുന്ദപുരം ലോക്സഭാ മണ്ഡലത്തിലും മത്സരിച്ചിട്ടുണ്ട്.

കെ.ടി.ഡി.സി. മുൻ ചെയർപേഴ്സണാണ്. ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ, ഐ.എൻ.ടി.യു.സി. വർക്കിങ് കമ്മിറ്റി അംഗം, പ്രിയദർശിനി ആൻഡ് രാജീവ്ഗാന്ധി സ്റ്റഡി സെന്റർ, എച്ച്.എം.ടി. എംപ്ലോയീസ് യൂണിയൻ, തഴപ്പായ എംപ്ലോയീസ് യൂണിയൻ, ടെക്നിക്കൽ എജ്യൂക്കേഷണൽ സൊസൈറ്റി ഓഫ് ഇന്ത്യ എന്നിങ്ങനെ നിരവധി സംഘടനകളുടെ ഭാരവാഹിയായിരുന്നു.

## കേന്ദ്രജീവനക്കാരുടെ ഡി.എ വർധിപ്പിച്ചു; സിലിണ്ടറുകളുടെ 300 രൂപ സബ്സിഡി 2025 വരെ നീട്ടി

ന്യൂഡൽഹി: ഉജ്ജ്വല യോജന പ്രകാരം വിതരണം ചെയ്യുന്ന പാചകവാതക സിലിണ്ടറുകൾക്കുള്ള സബ്സിഡി ഒരുവർഷത്തേക്ക് നീട്ടാൻ കേന്ദ്രമന്ത്രിസഭാ തീരുമാനം. 14.2 കിലോഗ്രാം എൽ.പി.ജി. സിലിണ്ടറിനുള്ള 300 രൂപ സബ്സിഡിയാണ് 2025 മാർച്ച് വരെ നീട്ടാൻ തീരുമാനിച്ചതെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കഴിഞ്ഞ ഒക്ടോബറിലാണ് പാവപ്പെട്ടവർക്കായുള്ള ഉജ്ജ്വല യോജന പ്രകാരമുള്ള സിലിണ്ടറുകളുടെ സബ്സിഡി 300 രൂപയാക്കിയത്.

പുതിയ തീരുമാനം നടപ്പാക്കുമ്പോൾ സർക്കാരിന് 12,000 കോടി രൂപ അധികമായി ചെലവാകും. 10 കോടി കുടുംബങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുമെന്നാണ് കേന്ദ്രസർക്കാർ അവകാശപ്പെടുന്നത്.

കേന്ദ്രസർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ക്ഷാമബത്ത (ഡി.എ) വർധിപ്പിക്കാനും കേന്ദ്രമന്ത്രിസഭാ യോഗത്തിൽ തീരുമാനമായി. ജനുവരി മുതൽ മുൻകാല പ്രാബല്യത്തോടെയാണ് നാല് ശതമാനം ഡി.എ. വർധിപ്പിച്ചത്. നിലവിൽ 46 ശതമാനമായ ഡി.എ. ഇതോടെ 50 ശതമാനമായി വർധിച്ചു.

കേന്ദ്രജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ഡി.എ. വർധിപ്പിക്കുന്നതിലൂടെ പ്രതിവർഷം 12,868.72 കോടി രൂപയാണ് അധികമായി ചെലവാകുക. 49.18 ലക്ഷം ജീവനക്കാർക്കും 67.95 ലക്ഷം പെൻഷൻകാർക്കുമാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുക. ഏഴാം കേന്ദ്ര ശമ്പള കമ്മിഷന്റെ ശുപാർശ പ്രകാരമാണ് കേന്ദ്രസർക്കാർ ഡി.എ. വർധിപ്പിച്ചത്. പൊതുതിരഞ്ഞെടുപ്പ് പടിവാതിൽക്കലെത്തി നിൽക്കെയാണ് കേന്ദ്രസർക്കാരിന്റെ തീരുമാനം വരുന്നത്.

## നിർമിത ബുദ്ധിയിൽ ശക്തരാവാൻ ഇന്ത്യ

### പതിനായിരം കോടിയുടെ എഐ മിഷന് കേന്ദ്രം അംഗീകാരം നൽകി

ന്യൂഡൽഹി; ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) മിഷന് കേന്ദ്രസർക്കാർ അംഗീകാരം നൽകി. അഞ്ച് വർഷത്തേക്ക് 10,372 കോടിയുടെ പദ്ധതിക്ക് കാബിനറ്റ് അംഗീകാരം നൽകിയതായി കേന്ദ്രമന്ത്രി പീയുഷ് ഗോയൽ അറിയിച്ചു. രാജ്യത്തിന് സ്വന്തമായി ഒരു എഐ സിസ്റ്റം വികസിപ്പിക്കാനും രാജ്യത്തിന്റെ കംപ്യൂട്ടേഷണൽ ശേഷി വർധിപ്പിക്കാനും ഇന്ത്യയിലെ സ്റ്റാർട്ടപ്പുകൾക്ക് കംപ്യൂട്ട്ആസ്എ സർവ്വീസ് വാഗ്ദാനം ചെയ്യുകയുമാണ് സർക്കാർ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ഒരു എഐ ഇക്കോ സിസ്റ്റം സൃഷ്ടിക്കുന്നതിനായി 10,000 ഗ്രാഫിക് പ്രൊസസ്സിങ് യൂണിറ്റുകളടങ്ങുന്ന സൂപ്പർ കംപ്യൂട്ടിങ് കപ്പാസിറ്റി വിവിധ ഓഹരി ഉടമകൾക്ക് നൽകും. സ്റ്റാർട്ടപ്പുകൾ, അക്കാദമിക്, ഗവേഷകർ, ഇൻഡസ്ട്രി എന്നിവയ്ക്കെല്ലാം ഇന്ത്യ എഐ മിഷന് കീഴിലുള്ള എഐ സൂപ്പർ കംപ്യൂട്ടർ ഇൻഫ്രാസ്ട്രക്ചറിലേക്ക് പ്രവേശനം നൽകുമെന്ന് ഗോയൽ പറഞ്ഞു.

ഡാറ്റയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും എഐ വികസനത്തിന് അവ ലഭ്യമാക്കുന്നതിനും വിവിധ സർക്കാർ വകുപ്പുകളേയും മന്ത്രാലയങ്ങളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു ദേശീയ ഡാറ്റാ മാനേജ്മെന്റ് ഓഫീസറെ മിഷന് കീഴിൽ കൊണ്ടുവരും.

മാസങ്ങൾക്ക് മുമ്പാണ് പ്രധാനമന്ത്രി നരേന്ദ്രമോദി സർക്കാരിന്റെ എഐ ദൗത്യം പ്രഖ്യാപിച്ചത്. രാജ്യത്തിനകത്ത് എഐ കംപ്യൂട്ടിങ് ശക്തി ഒരുക്കുമെന്ന് അദ്ദേഹം പറഞ്ഞു. സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും മെച്ചപ്പെട്ട സേവനങ്ങൾ നൽകും ആരോഗ്യം, കാർഷികം, വിദ്യാഭ്യാസം തുടങ്ങിയ മേഖലയിൽ എഐ സാധ്യതകൾ പ്രോത്സാഹിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്തെ എഐ വികാസത്തിനായി സർക്കാരിന്റെ ഇടപെടലോടുകൂടി കംപ്യൂട്ടിങ് ശേഷി ആർജിച്ചെടുക്കാനും അത് രാജ്യത്തെ സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും ഉപയോഗപ്പെടുത്താൻ അവസരം നൽകാനും രാജ്യത്തെ എഐ വികാസം ത്വരിതപ്പെടുത്താനുമാണ് എഐ മിഷൻ ലക്ഷ്യമിടുന്നത്.

കംപ്യൂട്ടിങ് ശേഷി വികസിപ്പിക്കുന്നതിനൊപ്പം ഡാറ്റാ സെറ്റുകൾ നിർമിക്കുന്നതിനും അവ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കുന്നതിനുമുള്ള ശ്രമങ്ങളും സർക്കാർ നടത്തുന്നുണ്ട്. 2022 മെയിൽ ഐടി മന്ത്രാലയം ദേശീയ ഡാറ്റാ ഗവേണൻസ് ഫ്രെയിംവർക്ക് നയത്തിന്റെ കരട് പുറത്തിറക്കിയിരുന്നു. ഇതിന് കീഴിൽ ഒരു ഇന്ത്യ ഡാറ്റാസെറ്റ് പ്ലാറ്റ്ഫോ നിർമിക്കാനുള്ള നിർദേശമുണ്ട്. ഇന്ത്യൻ പൗരന്മാരിൽ നിന്നോ ഇന്ത്യയിലുള്ളവരിൽ നിന്നോ വിവരങ്ങൾ ശേഖരിച്ചതും കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള വ്യക്തിപരമല്ലാത്തതും അജ്ഞാതവുമായ ഡാറ്റാസെറ്റുകൾ ഇതിലുണ്ടാവും.

### മണിനാദം നിലച്ചിട്ട് എട്ടു വർഷം, മാർച്ച് ആറിനായിരുന്നു ഓർമ്മ ദിനം

# ഓർമ്മകളിൽ മണി മുഴക്കം

മോഹൻ ശ്രീശൈലം

മലയാളികളുടെ മണിനാദം നിലച്ചിട്ട് എട്ടു വർഷം. ആടിയും പാടിയും മലയാളികളുടെ മനസിൽ ചേക്കേറിയ കലാഭവൻ മണിയുടെ വേർപാട് ഇന്നും തീരാനഷ്ടമാണ്. മണിയെപ്പോലെ മണിയല്ലാതെ മറ്റാര്? അവസാനം അഭിനയിച്ച ചിത്രത്തിന്റെ പേരുപോലെതന്നെ യാത്ര ചോദിക്കാതെയായിരുന്നു മണിയുടെ മടക്കവും. മലയാളികളെ സംബന്ധിച്ച് മാർച്ചിലെ തീരാ നഷ്ടം. 2016 മാർച്ച് ആറിനായിരുന്നു സിനിമാ ലോകത്തെ മുഴുവൻ ഞെട്ടിച്ചുകൊണ്ടുള്ള മണിയുടെ വിയോഗം.

തൃശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ ചേന്നത്തുനാട് പഞ്ചായത്തിൽ കുന്നിശ്ശേരി വീട്ടിൽ പരേതരായ രാമന്റെയും അമ്മിണിയുടെയും മകനായി 1971ലെ പുതുവത്സരദിനത്തിലായിരുന്നു മണിയുടെ ജനനം. രാമൻഅമ്മിണി ദമ്പതികളുടെ ഏഴ് മക്കളിൽ ആറാമനായിരുന്നു മണി. പരേതനാ



യ വേലായുധൻ, രാമകൃഷ്ണൻ, ശാന്ത, തങ്കമണി, ലീല, അമ്മിണി എന്നിവരായിരുന്നു സഹോദരങ്ങൾ. കടുത്ത ദാരിദ്ര്യത്തിലാണ് മണി തന്റെ ബാല്യകാലം ചെലവഴിച്ചത്. കൂലിപ്പണിക്കാരനായിരുന്ന അച്ഛന് 13 രൂപ ശമ്പളം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ഒന്നുമാകുമായിരുന്നില്ല. സ്കുൾ പഠനകാലത്ത് പഠനമൊഴികെ എല്ലാ വിഷയത്തിലും മണി മുന്നിലായിരുന്നു. പഠനവൈകല്യത്തെത്തുടർന്ന് അദ്ദേഹം പത്താം ക്ലാസിൽ പഠനം നിർത്തി. തുടർന്ന് തെങ്ങുകയറ്റക്കാരനായും മണൽവാരൽ തൊഴിലാളിയായും അദ്ദേഹം ഉപജീവനമാർഗ്ഗം കണ്ടെത്തി. ഇടയ്ക്ക് പൊതുപ്രവർത്തകനായും അദ്ദേഹം കടന്നുവന്നു.

പിന്നീട്, ചാലക്കുടി ടൗണിൽ ഒരു ഓട്ടോറിക്ഷ ഡ്രൈവറായി മണി ജോലി നോക്കി. ഇതിനിടയിലാണ് അദ്ദേഹം കലാഭവൻ മിമിക്സ് ട്രൂപ്പിൽ ചേരുന്നത്. ജയറാം, ദിലീപ്, നാദിർഷാ, സലിം കുമാർ തുടങ്ങിയ പിൽക്കാലത്തെ പ്രശസ്തർ പലരും കലാഭവനിൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകരായിരുന്നു. ഇന്ത്യയ്ക്കകത്തും പുറത്തും ഇവർ ഒരുപാട് വേദികളിൽ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. 1995ൽ സിബി മലയിൽ സംവിധാനം ചെയ്ത 'അക്ഷരം' എന്ന ചിത്രത്തിൽ ഓട്ടോറിക്ഷ ഡ്രൈവറുടെ വേഷം ചെയ്തുകൊണ്ടാണ് മണി ചലച്ചിത്രലോകത്തേയ്ക്ക് കടക്കുന്നത്. തൊട്ടടുത്ത വർഷം പുറത്തിറങ്ങിയ 'സല്ലാപത്തിലാണ്' അദ്ദേഹത്തിന് ബ്രേക്ക് കിട്ടുന്നത്. തുടർന്ന്, നായകനായും വില്ലനായും സഹനടനായും ഹാസ്യതാരമായുമെല്ലാം അദ്ദേഹം ചിത്രങ്ങളിൽ തിളങ്ങി.


(ശേഷം പേജ് 4)





# ഡാറ്റാ ബാങ്ക്: ഭൂമി ഒഴിവാക്കിയ ഉത്തരവ് പുനഃപരിശോധിക്കാൻ ആർഡിഒയ്ക്ക് അധികാരമില്ല

കൊച്ചി: ഡാറ്റാ ബാങ്കിൽ നിന്ന് നിലം എന്ന് രേഖപ്പെടുത്തിയ ഭൂമി ഒഴിവാക്കിയ ഉത്തരവ് പുനഃപരിശോധിക്കാൻ ആർഡിഒയ്ക്ക് അധികാരമില്ലെന്നു ഹൈക്കോടതി.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പുനഃപരിശോധനയ്ക്കു വ്യവസ്ഥയില്ലെന്ന് വിലയിരുത്തിയാണ് ജസ്റ്റീസ് മുരളി പുരുഷോത്തമന്റെ ഉത്തരവ്. മുമ്പ് ഡാറ്റാ ബാങ്കിൽനിന്ന് ഒഴിവാക്കിയ ഭൂമിയുടെ തരംമാറ്റ അപേക്ഷ മൂവാറ്റുപുഴ ആർഡിഒ നിരസിക്കുകയും മുൻ ഉത്തരവ് തിരിച്ചു വിളിക്കുകയും ചെയ്ത ഉത്തരവിനെതിരേ പത്തനംതിട്ട സ്വദേശി നിഖിൽ വർഗീസ് ജോൺ നൽകിയ ഹർജിയാണു കോടതി പരിഗണിച്ചത്.

ഹർജിക്കാരന് പുത്തൻകുരിശ് വില്ലേജിലുള്ള 44.72 സെൻറ് ഭൂമി അടിസ്ഥാന നികുതി രജിസ്റ്ററിൽ നിലം എന്നാണ് രേഖപ്പെടുത്തിയിരുന്നത്. 2008ലെ നെൽവയൽ, തണ്ണീർത്തടം സംരക്ഷണ നിയമപ്രകാരം നിലവിൽ വന്ന ഡാറ്റാ ബാങ്കിലും നെൽവയൽ എന്നാണുള്ളത്. തുടർന്ന് ഡാറ്റാ ബാങ്കിൽ നിന്ന് ഭൂമി ഒഴിവാക്കാൻ 2021 നവംബറിൽ ആർഡിഒക്ക് അപേക്ഷ നൽകി. 2008ന് മുമ്പ് നികത്തിയതാണെന്ന പ്രാദേശികതല മേൽനോട്ട സമിതിയുടെ ശിപാർശകൂടി പരിഗണിച്ച് 2022 ജനുവരി 24ന് ഡാറ്റാ ബാങ്കിൽനിന്ന് ഒഴിവാക്കി ആർഡിഒ ഉത്തരവിട്ടു.

തുടർന്ന് ഭൂമിയുടെ തരംമാറ്റത്തിന് അപേക്ഷ നൽകി. വില്ലേജ് ഓഫീസർ അനുകൂല റിപ്പോർട്ട് നൽകിയെങ്കിലും അപേക്ഷ നിരസിച്ചു. റോഡിനേക്കാൾ ഒന്നര മീറ്റർ താണാണ് പ്രദേശമെന്നതടക്കം ചൂണ്ടിക്കാട്ടി ജൂണിയർ സൂപ്രണ്ട് നൽകിയ റിപ്പോർട്ട് പരിഗണിച്ച ആർഡിഒ ആദ്യ ഉത്തരവ് തിരിച്ചു വിളിക്കുകയും ചെയ്തു. എന്നാൽ, നെൽവയൽ തണ്ണീർത്തട നിയമത്തിൽ ഇത്തരമൊരു വ്യവസ്ഥയില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി.




ലഹരിക്കെതിരായ വിദ്യാർഥികളുടെ ആസാദ് വാക്കത്തോൺ മന്ത്രി ഡോ. ആർ. ബിന്ദു ഫ്ലാഗ് ഓഫ് ചെയ്യുന്നു

# എ ഐ ഡാറ്റ ക്വാളിറ്റി അനലിസ്റ്റ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

**കോഴ്സ് നടത്തിപ്പ് കേരള നോളെജ് ഇക്കോണമി മിഷനും ഐസെക്റ്റും സംയുക്തമായി**

**കോഴ്സ് കാലാവധി മൂന്ന് മാസം**

തിരുവനന്തപുരം : കേരള നോളജ് ഇക്കോണമി മിഷൻ നടപ്പിലാക്കുന്ന നൈപുണ്യ പരിശീലന പദ്ധതികളുടെ ഭാഗമായി ഐസെക്റ്റ് (A-I-S-E-CT) തിരുവനന്തപുരവുമായി ചേർന്നുകൊണ്ട് എ ഐ മെഷീൻ ലേണിങ്ങ് എൻജിനീയർ, എ ഐ ഡാറ്റ ക്വാളിറ്റി അനലിസ്റ്റ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മുന്നു മാസമാണ് കോഴ്സ് കാലാവധി. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്നു.

ഐസെക്റ്റിന്റെ തിരുവനന്തപുരം മണക്കാട് കേന്ദ്രത്തിലാണ് പരിശീലനം. സർക്കാർ അംഗീകരിക്കുന്ന എം ടെക്, ബി ടെക്, ബി എസ് സി, ഡിപ്ലോമ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് അപേക്ഷിക്കാം. ഐ ഐ ടി മണ്ഡി നൽകുന്ന സർട്ടിഫിക്കറ്റുകളാണ് പരിശീലനം നേടിയവർക്ക് ലഭിക്കുക. കോഴ്സ് സൗജന്യമാണ്.

നോളെജ് ഇക്കോണമി മിഷന്റെ ഡി ഡബ്ല്യു എം എസ് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ പ്രൊഫൈൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് അപേക്ഷിക്കാം. പട്ടികജാതി വിഭാഗത്തിൽനിന്ന് 20, പട്ടികവർഗ വിഭാഗത്തിൽ നിന്ന് 20, കരിയർ ബ്രേക്ക് സ്ത്രീകൾ 30, മത്സ്യബന്ധന മേഖല 20, ഭിന്നശേഷി വിഭാഗം 10, ട്രാൻസ്ജെൻഡർ 10 എന്നിങ്ങനെയാണ് സീറ്റുകൾ. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സ്കോളർഷിപ്പും ലഭിക്കും. മാർച്ച് 12 വരെ അപേക്ഷിക്കാം. കോഴ്സിന് രജിസ്റ്റർ ചെയ്യാനും വിശദവിവരങ്ങൾക്കും 8714611479 എന്ന നമ്പറിലോ Inclusion@knowledgemission.kerala.gov.in എന്ന ഇ മെയിലിലോ ബന്ധപ്പെടുക.

# ആസാദ് വാക്കത്തോണിന് തുടക്കമായി

## മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം : ലഹരിക്കെതിരെ ആസാദ് സേനയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടത്തുന്ന ആസാദ് വാക്കത്തോണിന് തുടക്കമായി. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം, കവടിയാറിലെ വിവേകാന്ദ പാർക്കിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിച്ചു.

മയക്കുമരുന്നുകൾക്കെതിരെയുള്ള പോരാട്ടങ്ങളിൽ പ്രതിജ്ഞാബദ്ധമായിട്ടാണ് എൻ.എസ്.എസ് പ്രവർത്തിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. എൻ.എസ്.എസ് ഏറ്റെടുത്തിട്ടുള്ള ആ കടമയുള്ള ഭാഗമായിട്ടാണ് പതിനായിരത്തോളം വൊളന്റിയർമാർ അണിനിരന്നുകൊണ്ടുള്ള വാക്കത്തോണുകൾ ജില്ലാ കേന്ദ്രങ്ങളിൽ നടക്കാൻ പോകുന്നത്. ലഹരിക്കെതിരായ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം മുന്നോട്ടു കൊണ്ടുപോയി യുവാക്കൾക്കിടയിലെ ലഹരി ഉപയോഗത്തിനെതിരായിട്ടുള്ള പ്രതിരോധത്തിന്റെ പരിചയാണ് ഇതിലൂടെ എൻ.എസ്.എസ് ഉയർത്തിപ്പിടിക്കുന്നത്. ലഹരി ഉപയോഗത്തിലൂടെ ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളെക്കുറിച്ച് സംസാരിക്കുകയും ലഹരിക്കെതിരായ പ്രവർത്തനങ്ങളുടെ ബ്രാൻഡ് അംബാസിഡർമാരായി പ്രവർത്തിക്കുകയും ചെയ്യുന്ന ആസാദ് സേനയിലെ അംഗങ്ങൾ വലിയ അഭിനന്ദനമാണ് അർഹിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ലഹരി ഉപയോഗം വ്യക്തിയുടെയും സമൂഹത്തിന്റെയും കുടുംബത്തിന്റെയും പുരോഗതിയെ തടസ്സപ്പെടുത്തുകയാണ്. അതിനെ അതിജീവിക്കാനുള്ള കൂട്ടായ്മയാണ് വാക്കത്തോണിലൂടെ രൂപപ്പെടുന്നതെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ സംസ്ഥാന എൻ.എസ്.എസ് ഓഫീസർ ഡോ. അൻസർ ആർ.എൻ, ആസാദ് സേന തിരുവനന്തപുരം ജില്ലാ കോർഡിനേറ്റർ ഡോ. രേഷ്മാ സോമൻ തുടങ്ങിയവർ പങ്കെടുത്തു. 14 ജില്ലകളിലായി സംഘടിപ്പിക്കുന്ന ആസാദ് വാക്കത്തോണിൽ 15,000ത്തിലധികം എൻ.എസ്.എസ് വൊളന്റിയർമാർ പങ്കെടുക്കും.

# ഡോക്ടർക്ക് മാർക്കിടാൻ ഇനി രോഗികൾക്കുൾപ്പെടെ അവസരം: ആയുഷ് പുരസ്കാരങ്ങൾ ഇനി മൊബൈൽ ആപ്പിലൂടെ

തിരുവനന്തപുരം : ആയുഷ് ചികിത്സ വകുപ്പിലെ മികച്ച ഡോക്ടർമാർക്ക് കേരള സർക്കാർ ആയുഷ് വകുപ്പ് നൽകുന്ന ആയുഷ് പുരസ്കാരങ്ങൾക്കായുള്ള ആയുഷ് അവാർഡ് സോഫ്റ്റ്വെയർ മാർച്ച് അഞ്ചിന് ജിമ്മി ജോർജ് സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് പ്രകാശനം ചെയ്തു. ആയുഷ് അവാർഡ് സോഫ്റ്റ്വെയറിന്റെ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ആയുഷ് ഡോക്ടർമാരെ റേറ്റ് ചെയ്യാനുള്ള അവസരം രോഗികൾക്കും സഹപ്രവർത്തകർക്കും തദ്ദേശ സ്വയംഭരണ വകുപ്പിലെ പ്രതിനിധികൾക്കും ലഭിക്കും.അധ്യാപകരായ ഡോക്ടർമാരെ റേറ്റ് ചെയ്യാനുള്ള അവസരം വിദ്യാർത്ഥികൾക്കും

ലഭിക്കും.റേറ്റിങ്ങിലൂടെ നോമിനേറ്റ് ചെയ്ത മത്സരാർത്ഥികളിൽ നിന്ന് സർക്കാർ തല അഭിമുഖത്തിലൂടെയാണ് അന്തിമവിജയിയെ കണ്ടെത്തുന്നത്.

നാമനിർദേശ പ്രക്രിയയിലെ സുതാര്യത ഉറപ്പുവരുത്താനും അപേക്ഷ സമർപ്പണത്തിലും മറ്റും വരുന്ന കാലതാമസം ഒഴിവാക്കാനും ഈ ആപ്ലിക്കേഷൻ വഴി സാധ്യമാകുന്നു. പുരസ്കാരം നിർണയത്തിൽ പൊതുജനങ്ങളുടെ പങ്ക് ഉറപ്പുവരുത്തി ഒരു ജനാധിപത്യ സ്വഭാവം കൈക്കൊള്ളാനും ഈ സോഫ്റ്റ്വെയർ സഹായിക്കും. ദേശീയ ആയുഷ് മിഷൻ കേരളയുടെയും കേരള സ്റ്റാർട്ട് അപ്പ് മിഷന്റെയും നേതൃത്വത്തിലാണ് ആയുഷ് അവാർഡ് സോഫ്റ്റ്വെയർ നിർമ്മിച്ചിരിക്കുന്നത്.

# ആലംകടവിൽ മേൽപ്പാല നിർമാണ പ്രവൃത്തികൾക്ക് ഇന്നു മുതൽ തുടക്കം

ചിറ്റൂർ: ആലാംകടവ് നർണി മേൽപ്പാലത്തിൻറെ നിർമാണ പ്രവൃത്തികൾ ഇന്ന് മുതൽ തുടങ്ങാൻ തീരുമാനമായി.

ഇന്നലെ വൈദ്യുതി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ആലോചനയോഗത്തിലാണ് അന്തിമ തീരുമാനമായത്. യോഗത്തിൽ സ്വതന്ത്ര വൈദ്യുതി ഡയറക്ടർ വി. മുരുകദാസ്, ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാരായ റിഷാ പ്രേം കുമാർ പെരുമാട്ടി, അനീഷ നല്ലേപ്പിള്ളി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയർ റിറോറിന്ന, അസിസ്റ്റൻറ് എൻജിനിയർ എ. അനുരാഗ് മറ്റും ജനപ്രതി നിധികളും പങ്കെടുത്തു. ഇന്നു മുതൽ നിലമ്പതിപ്പാലത്തിനു കിഴക്കുവശത്തായി ചെറുവാഹന ങ്ങൾ സഞ്ചരിക്കാൻ താൽക്കാലിക പാത നിർമിക്കും.

10ന് നിലമ്പതിപ്പാലം പൊളിച്ചു തുടങ്ങും. അന്നു മുതൽ നിലവിലുള്ള പാലം വഴിയുള്ള സഞ്ചാരം പൂർണമായും നിർത്തിവെയ്ക്കും. നിലവിൽ ഇതുവഴി സർവിസ് നടത്തുന്ന ബസുകൾ കന്നി മാറായിൽ നിന്നും നർണി വരെ എത്തി തിരിച്ചു പോകും. ഈ പ്രദേശ ങ്ങളിലെ യാത്രക്കാർക്ക് താൽക്കാലിക സൗകര്യത്തിനാണ് ബസുകൾ എത്തിക്കുന്നത്. നിർമാണത്തിനു ഒന്നര വർഷത്തെ സമയപരിധി കണക്കാക്കിയിട്ടുണ്ടെങ്കിലും യുദ്ധകാലടിസ്ഥാനത്തിൽ പണി പൂർത്തിയാക്കുമെന്നും പൊതുമരാമത്തു പാലം വകുപ്പും വിഭാഗം അധികൃതർ അറിയിച്ചു. പതിനഞ്ചു മീറ്റർ ദൈർഘ്യത്തിലുള്ള മേൽപ്പാലത്തിന് പരമാവധി നാല് മീറ്റ ഉയരവും ആറു മില്ലറുകളും നിർമിക്കുമെന്നും അധികൃതർ അറിയിച്ചു.

### 1.35 ലക്ഷം ചതുരശ്രയടി വിസ്തീർണത്തിലാണ് തൃപ്പൂണിത്തുറ സ്റ്റേഷൻ ഒരുങ്ങുന്നത്

ഇതിൽ 40, 000 ചതുരശ്രയടി ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിനായുള്ള പദ്ധതികൾക്കായി നീക്കിവച്ചിരിക്കുകയാണ്. ഓപ്പൺ വെബ് ഗർഡർ സാങ്കേതിക വിദ്യ കൊച്ചി മെട്രോയിൽ ആദ്യമായി ഉപയോഗിച്ചത് എസ്എൻ ജംഗ്ഷൻ തൃപ്പൂണിത്തുറ സ്റ്റേഷനുകൾക്കിടയിലെ 60 മീറ്റർ മേഖലയിലാണ്.

ആലുവ മുതൽ തൃപ്പൂണിത്തുറ വരെ 25 സ്റ്റേഷനുകളുമായി 28.125 കിലോമീറ്ററാണ് കൊച്ചി മെട്രോയുടെ ദൈർഘ്യം. ഭൂമി ഏറ്റെടുക്കുന്നതിനും നിർമാണത്തിനുമുൾപ്പെടെ എസ്എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ സ്റ്റേഷൻ ഉൾപ്പടെയുള്ള സ്ട്രച്ചിൻറെ നിർമാണത്തിന് 448.33 കോടി രൂപയാണ് ചെലവായി.

തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷനിലെത്തുന്ന യാത്രക്കാർക്കായി ഒരുക്കിയിരിക്കുന്നത് തൃപ്പൂണിത്തുറ അത്തം നഗറിലെ കാഴ്ചകളാണ്. തെയ്യവും പുലികളിയും കഥകളിയും ചെണ്ടമേളവും കൊമ്പ്, കുഴൽ വാദ്യങ്ങളും കരകാട്ടവും കാവടിയാട്ടവും മോഹിനിയാട്ടവും നങ്ങ്യാർക്കൂത്തും തുടങ്ങി സാംസ്കാരിക തനിമയേറിയ കലാരൂപങ്ങളുടെ ചിത്രങ്ങളാണ് മെട്രോ സ്റ്റേഷനിലെ ഓരോ തൂണുകളിലും.

ഓണാഘോഷത്തിൻറെ പൗരാണികത വിളിച്ചോതി മഹാബലിയും വാമനനും തൂണുകളിൽ ഇടം പിടിച്ചിട്ടുണ്ട്. വർണ വൈവിധ്യങ്ങൾ നിറഞ്ഞ മ്യൂറൽ ചിത്രങ്ങളാൽ സമ്പന്നമാണ് മെട്രോ സ്റ്റേഷനിലെ തൂണുകളും. കേരളത്തിലെ വിവിധ നൃത്തരൂപങ്ങളുടെ ശില്പങ്ങളുമായി ഒരുക്കിയിരിക്കുന്ന ഡാൻസ് മ്യൂസിയം ഈ സ്റ്റേഷൻറെ മറ്റൊരു പ്രത്യേകതയാണ്. ഡാൻസ് മ്യൂസിയവും ഉടൻ തന്നെ പൊതുജനങ്ങൾക്കായി തുറന്നു നൽകും.

# കോർഡിനേറ്റർ നിയമനം

തിരുവനന്തപുരം : മത്സ്യബന്ധന ഉപകരണങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലയിലും കൊല്ലം ജില്ലയിലും ഓരോ കോഓർഡിനേറ്റർമാരെ വീതം താൽക്കാലികമായി നിയമിക്കുന്നു. ഒരു മാസത്തേക്കാണ് നിയമനം.

പ്രതിമാസം വേതനം 15000 രൂപ പരമാവധി യാത്രബത്ത 5000 രൂപയുമാണ്. പ്ലസ്ടു/ വി.എച്ച്.എസ്.സി അടിസ്ഥാന യോഗ്യതയുള്ളവരും കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ളവരുമാണ് അപേക്ഷിക്കേണ്ടത്.

Fishing Craft, Gear എന്നിവ വിഷയമായി വി.എച്ച്.എസ്.സി. / ഇതര കോഴ്സുകൾ പഠിച്ചവർക്കും മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ളവർക്കും, സർക്കാർ സ്ഥാപനങ്ങളിൽ സമാന ജോലിയിൽ പ്രവൃത്തി പരിചയം ഉള്ളവർക്കും മത്സ്യവകുപ്പിന്റെ മറൈൻ പ്രൊജക്റ്റുകളിൽ പ്രവൃത്തി പരിചയം ഉള്ളവർക്കും മുൻഗണന ഉണ്ടായിരിക്കും.

തിരുവനന്തപുരം ജില്ലയിൽ അപേക്ഷകൾ 2024 മാർച്ച് 11 തിങ്കളാഴ്ചയും, കൊല്ലം ജില്ലയിലെ അപേക്ഷകൾ 2024 മാർച്ച് 12 ചൊവ്വാഴ്ചയും രാവിലെ 10.30ന് വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, മത്സ്യത്തൊഴിലാളി കുടുംബാംഗം എന്ന രേഖ എന്നിവയുമായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം മേഖലാ ഓഫീസിൽ (കാന്തി, ജി.ജി.ആർ.എ 14 എ.റ്റി.സി 82/258, സമദ് ഹോസ്പറ്റിറ്റലിന് സമീപം, അമ്പലത്തുമുക്ക്, പേട്ട, വഞ്ചിയൂർ പി. ഒ., തിരുവനന്തപുരം 695035) നേരിട്ട് വാക്ഇൻഇന്റർവ്യൂവിന് എത്തിച്ചേരേണ്ടതാണ്.

# അതിരപ്പള്ളിയിൽ റോഡ് മുറിച്ചുകടന്ന് കാട്ടാനകൾ; റോഡ് ഉപരോധിച്ച് നാട്ടുകാരുടെ പ്രതിഷേധം

തൃശൂർ: അതിരപ്പിള്ളിയിൽ കാട്ടാനകൾ റോഡിലിറങ്ങിയതിനു പിന്നാലെ നാട്ടുകാരുടെ പ്രതിഷേധം. കോൺഗ്രസിൻറെ നേതൃത്വത്തിൽ വഴിതടഞ്ഞ് പ്രതിഷേധിച്ചവരെ പോലീസ് അറസ്റ്റ് ചെയ്തു നീക്കി.

രാവിലെ എട്ടോടെ ചാലക്കുടിഅതിരപ്പിള്ളി പാതയ്ക്കരികിലുള്ള എണ്ണപ്പനത്തോട്ടത്തിൽ കാട്ടാനക്കൂട്ടമെത്തിയിരുന്നു. തുടർന്ന് ഒമ്പതോടെ രണ്ട് ആനകൾ റോഡ് മുറിച്ചുകടക്കുകയായിരുന്നു. എസ്എസ്എൽസി പരീക്ഷയ്ക്കായി സ്കൂളിലേക്ക് പോകുന്ന കുട്ടികളുടെ വാഹനങ്ങളടക്കം റോഡിലുണ്ടായിരുന്നു. ഇതോടെ വനംവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി.

ആനകൾ വീണ്ടും എത്തിയതോടെ നാട്ടുകാർ പ്രതിഷേധവുമായി റോഡിലിറങ്ങി. അരമണിക്കൂറിലേറെ റോഡിൽ കുത്തിയിരുന്ന് മുദ്രാവാക്യം വിളിച്ച പ്രതിഷേധക്കാർ വിദ്യാർഥികളുടേതൊഴികെയുള്ള വാഹനങ്ങൾ തടഞ്ഞിടുകയും ചെയ്തു.

കാട്ടാന ആക്രമണത്തിൽ പെരിങ്ങൽക്കുത്തിൽ ഊരുമൂപ്പൻറെ ഭാര്യ വത്സല കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിഷേധിച്ച് അതിരപ്പിള്ളി പഞ്ചായത്തിൽ കോൺഗ്രസ് ഇന്ന് കരിദിനം ആചരിക്കുകയാണ്. ഇതിൻറെ ഭാഗമായി അതിരപ്പിള്ളി വാഴച്ചാൽ വിനോദസഞ്ചാര മേഖലയിൽ സഞ്ചാരികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു.

വാച്ചുമരം കോളനിയിൽ ഊരുമൂപ്പൻ രാജൻറെ ഭാര്യയാണ് മരിച്ച വത്സല. കാട്ടിൽ വിറകും മറ്റും ശേഖരിക്കാൻ കയറിയപ്പോഴായിരുന്നു വത്സയെ കാട്ടാന ആക്രമിച്ചത്. ഗുരുതരമായി പരിക്കേറ്റ വത്സയെ പിന്നീട് സമീപത്തുണ്ടായിരുന്ന ആദിവാസികൾ തന്നെയാണ് കാടിനു പുറത്തെത്തിച്ചത്. പിന്നീട് ജീപ്പിൽ വാഴച്ചാലിലേക്ക് എത്തുമ്പോഴേക്കും മരിച്ചിരുന്നു.കാട്ടാന ആക്രമണത്തിൽ പ്രതിഷേധിച്ച് കോൺഗ്രസ് പ്രവർത്തകർ ചൊവ്വാഴ്ച മൃതദേഹം സൂക്ഷിച്ച ചാലക്കുടി താലൂക്ക് ആശുപത്രിക്ക് മുന്നിൽ കുത്തിയിരുപ്പ് സമരം നടത്തിയിരുന്നു. തുടർന്ന് കുടുംബത്തിന് അടിയന്തര ധനസഹായം ഉൾപ്പെടെ നൽകാമെന്ന് ഉറപ്പിന്മേലാണ് സമരം അവസാനിപ്പിച്ചത്.

# ഹരിതകർമസേനയോടൊപ്പം ഗൃഹസന്ദർശനത്തിൽ പങ്കാളിയായി മന്ത്രി എം. ബി. രാജേഷും

പാലക്കാട്: മാലിന്യമുക്ത നവകേരളം കാന്പയിൻറെ ഭാഗമായി അജൈവ പാഴ് വസ്തുക്കളുടെ ശേഖരണത്തിനായി ഹരിതകർമസേനയോടൊപ്പം മന്ത്രി എം. ബി. രാജേഷും ഗൃഹ സന്ദർശനത്തിൽ പങ്കാളിയായി. ഷൊർണൂർ നഗരസഭയിലും തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലുമായാണ് പരിപാടി നടന്നത്.

ഹരിതകർമ സേനയുടെ പ്രവർത്തനം കൂടുതൽ ഊർജിതമാക്കുന്നതിനും യൂസർ ഫീ കളക്ഷൻ വ്യാപിപ്പിക്കാനും പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുക ലക്ഷ്യമിട്ടാണ് മന്ത്രിയുടെ സാന്നിധ്യത്തിൽ പരിപാടി സംഘടിപ്പിച്ചത്.

ശാസ്ത്രീയമായ പാഴ് വസ്തു ശേഖരണത്തിൻറെ ഭാഗമായി പുഴകളിലും തോടുകളിലും വലിച്ചെറിയപ്പെടുമായിരുന്ന 12 ടൺ മാലിന്യമാണ് ഷൊർണൂർ നഗരസഭയിലെ ഹരിതകർമസേന ഫെബ്രുവരിയിൽ സമാഹരിച്ചത്. മാർച്ച് 31 ന് മാലിന്യമുക്ത നവകേരളം കാന്പയിൻറെ ആദ്യഘട്ടം അവസാനിക്കും.

ഷൊർണൂരിൽ നടന്ന പരിപാടിയിൽ പി. മമ്മിക്കുട്ടി എംഎൽഎ, നഗരസഭാ ചെയർമാൻ എം. കെ. ജയപ്രകാശ്, നവകേരളം കർമപദ്ധതി ജില്ലാ കോഓർഡിനേറ്റർ പി. സൈതലവി, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ ഹരിതകർമസേന പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

# നവകേരള സദസ്: 97.5 ശതമാനം അപേക്ഷകളും തീർപ്പാക്കി

നവകേരള സദസ്സുമായി ബന്ധപ്പെട്ട് ആകെ 19,279 അപേക്ഷകൾ ലഭിച്ചതായി ഭക്ഷ്യ മന്ത്രി ജി. ആർ അനിൽ പറഞ്ഞു. ഇതിൽ 18,712 (97.5 ശതമാനം) അപേക്ഷകളും പരിഹരിച്ചു. ആകെ ലഭിച്ച അപേക്ഷകളിൽ ഭൂരിഭാഗവും മുൻഗണനാ കാർഡുകൾ ലഭിക്കുന്നതിന് വേണ്ടിയുള്ളതായിരുന്നുവെന്നും മന്ത്രി അറിയിച്ചു.

# ലോജിസ്റ്റിക്സ് പാർക്കുകൾക്ക് ഏഴു കോടി വരെ നിക്ഷേപ സബ്സിഡി

കൊച്ചി: ലോജിസ്റ്റിക്സ് പാർക്കുകൾക്ക് ഏഴു കോടി രൂപ വരെ നിക്ഷേപ സബ്സിഡി പ്രഖ്യാപിച്ച് ലോജിസ്റ്റിക്സ് കരട് നയം വ്യവസായ മന്ത്രി പി. രാജീവ് പുറത്തിറക്കി.

പത്ത് ഏക്കർ സ്ഥലമുള്ള പാർക്കിന് ഏഴു കോടി രൂപയും അഞ്ചേക്കറുള്ള മിനി പാർക്കുകൾക്ക് മൂന്നു കോടി രൂപയുമാണ് സബ്സിഡി ശിപാർശ ചെയ്യുന്നത്. ലോജിസ്റ്റിക്സ് പാർക്കുകളെ വ്യവസായ മേഖലയായി പ്രഖ്യാപിക്കുമെന്നും പാർക്കുകളുടെ അനുമതിക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തുമെന്നും കരട് നയം ശിപാർശ ചെയ്യുന്നുണ്ട്.

സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പുറത്തിറക്കിയ ഉത്തരവ് പ്രകാരം ലോജിസ്റ്റിക്സ് ആവശ്യങ്ങൾക്കായി വ്യവസായ ഭൂമി പുനർപാട്ടം ചെയ്യാനാകുമെന്നും ലോജിസ്റ്റിക്സ് മേഖലയിലെ കരട് നയം അവതരിപ്പിച്ച് സംസാരിക്കവേ മന്ത്രി പറഞ്ഞു. മേഖലയിലെ വ്യവസായ പങ്കാളികളെ ഉൾപ്പെടുത്തി ലോജിസ്റ്റിക്സ് കൺസൾ!റ്റേറ്റീവ് ഫോറം യോഗവും ഇതോടനുബന്ധിച്ച് നടന്നു.

ലോജിസ്റ്റിക്സ് പാർക്കുകൾ, മിനി ലോജിസ്റ്റിക്സ് പാർക്കുകൾ എന്നിവയ്ക്ക് സ്റ്റാന്പ് ഡ്യൂട്ടി ഇളവ് കരട്നയം ശിപാർശ ചെയ്യുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സംസ്ഥാന ലോജിസ്റ്റിക്സ് കോഓർഡിനേഷൻ സമിതി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായി സംസ്ഥാന ലോജിസ്റ്റിക്സ് സെൽ, നഗരങ്ങൾക്കായി പ്രത്യേക സമിതി എന്നിവയും കരട് നയത്തിൽ വിഭാവനം ചെയ്യുന്നു. കരട് നയം വ്യവസായ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ്. ഹരികിഷോർ യോഗത്തിൽ അവതരിപ്പിച്ചു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല പറഞ്ഞു. കെഎസ്ഐഡിസി ജനറൽ മാനേജർ വർഗീസ് മാലാക്കാരൻ പ്രസംഗിച്ചു.

# വനിതാ രത്ന പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

## അന്താരാഷ്ട്ര വനിതാ ദിനാചരണം: സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കും

തിരുവനന്തപുരം : സംസ്ഥാന വനിതാ രത്ന പുരസ്കാരങ്ങൾ ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. കായിക രംഗത്ത് കണ്ണൂർ ചെറുപുഴ പെരിങ്ങോം നിവാസി ട്രീസ ജോളി, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വനിതാ വിഭാഗത്തിൽ എറണാകുളം ജില്ലയിലെ ജിലുമോൾ മാരിയറ്റ് തോമസ്, സാമൂഹ്യ സേവന രംഗത്ത് കോഴിക്കോട് ജില്ലയിലെ വിജി പെൺകൂട്ട്, വിദ്യാഭ്യാസ മേഖലയിലും ശാസ്ത്ര സാങ്കേതിക മേഖലയിലും വ്യക്തി മുദ്ര പതിപ്പിച്ച വനിതാ വിഭാഗത്തിൽ പാലക്കാട് ജില്ലയിലുള്ള ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോ ഫിസിക്സിന്റെ ഡയറക്ടർ അന്നപൂർണി സുബ്രഹ്മണ്യം എന്നിവർ അർഹരായി. സ്ത്രീ ശാക്തീകരണ രംഗത്ത് 25 വർഷങ്ങളുടെ അധ്യായം എഴുതിച്ചേർത്ത് സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം കൈവരിക്കുവാൻ വഴിവച്ച കുടുംബശ്രീക്ക് വനിത ശിശു വികസന വകുപ്പിന്റെ സ്ത്രീ ശാക്തീകരണ രംഗത്തെ പ്രത്യേക പുരസ്കാരം നൽകും.

അന്താരാഷ്ട്ര വനിതാ ദിനാചരണം സംസ്ഥാനതല പരിപാടികളുടെ ഉദ്ഘാടനവും വനിതാ രത്ന പുരസ്കാര വിതരണവും മാർച്ച് 7 വ്യാഴാഴ്ച വൈകുന്നേരം 3 മണിക്ക് നിശാഗന്ധി ഓഡിറ്റോറിയത്തിൽ വച്ച് മന്ത്രി വീണാ ജോർജ് നിർവഹിക്കും. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻ കുട്ടി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഭക്ഷ്യ വകുപ്പ് മന്ത്രി ജി.ആർ. അനിൽ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു, മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി എന്നിവർ വിശിഷ്ടാതിഥികളാകും. ഇതോടനുബന്ധിച്ച് വിവിധങ്ങളായ വിഷയത്തെ ആസ്പദമാക്കിയുള്ള സംവാദങ്ങൾ, മത്സരങ്ങൾ, മറ്റ് കലാപരിപാടികൾ എന്നിവയും ഉണ്ടാകും. ഇതോടൊപ്പം രാത്രി യാത്ര, സെക്കന്റ് ഷോ, രാത്രി നടത്തം എന്നിവയുമുണ്ടാകും.

സ്ത്രീകളുടെ അവകാശം സംരക്ഷിക്കപ്പെടാൻ സ്ത്രീകൾ തന്നെ നടത്തിയ നിരന്തരമായ പോരാട്ടങ്ങളുടെ ചരിത്രം ഓർമ്മിക്കുന്നതിന്റെയും ലക്ഷ്യ പ്രാപ്തിയ്ക്കായി പുതിയ ദൗത്യങ്ങൾ ഏറ്റെടുക്കുന്നതിന്റെയും ഭാഗമായിട്ടാണ് ലോകമെങ്ങും മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനമായി ആചരിച്ചു വരുന്നത്. 'In-sp-ir-e In-c-lu-sion: Inv-e-st in Wom-en: Accelerate Progress' എന്നതാണ് ഈ വർഷത്തെ വനിതാ ദിന സന്ദേശം. സ്ത്രീപക്ഷ നവകേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ വനിതാ ശിശു വികസന വകുപ്പ് മുഖേന വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കി വരുന്നു.

### അവാർഡ് ജേതാക്കൾ

**ട്രീസ ജോളി**

കണ്ണൂർ ജില്ലയിലെ ചെറുപുഴ പുളിങ്ങോം എന്ന ഗ്രാമത്തിൽ നിന്നും 20ആം വയസിൽ മലേഷ്യയിൽ നടന്ന ഏഷ്യൻ ബാഡ്മിന്റൺ ടീം ചാമ്പ്യൻഷിപ്പ് ഡബിൾസിൽ സുവർണ നേട്ടം സ്വന്തമാക്കുകയും ഇന്ത്യാഏഷ്യൻ ടീം ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ വനിതാവിഭാഗത്തിൽ സ്വർണ്ണം നേടുകയും ഏഴാമത്തെ വയസിൽ ജില്ലാ അണ്ടർ11 വിഭാഗത്തിൽ പങ്കെടുക്കയും ചെയ്തു. 2022 കോമൺവെൽത്ത് ഗെയിംസ് ബെർമിങ്ഹാം മിക്സഡ് ടീം ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡലും, 2022ൽ ആൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ വനിത ഡബിൾസിൽ വെങ്കല മെഡലും, ദുബായിൽ വച്ചു നടന്ന 2023 ഏഷ്യൻ മിക്സഡ് ടീം ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡലും, 2023ലെ ആൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ വനിത ഡബിൾസിൽ വെങ്കലമെഡലും, 2024 ൽ മലേഷ്യയിൽ വച്ചുനടന്ന ബാഡ്മിന്റൺ ഏഷ്യൻ ചാമ്പ്യൻഷിപ്പ് വനിതാ വിഭാഗത്തിൽ സ്വർണ മെഡലും, കോമൺ വെൽത്ത് ഗെയിംസിൽ ഇരട്ടമെഡൽ നേടുന്ന ആദ്യ മലയാളി താരം എന്ന നിലയിലും ആൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ ടീമിലുൾപ്പെട്ട വനിത എന്ന നിലയിലും സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ച വനിത.

**വിജി പെൺകൂട്ട്**

അസംഘടിത മേഖലയിലെ പെൺ തൊഴിലാളികൾക്കായി എന്നും പോരാട്ടം നടത്തി വന്ന സ്ത്രീകളുടെ കൂട്ടായ്മയായ 'പെൺകൂട്ട്'എന്ന സംഘടനയുടെ അമരക്കാരി. 2018ൽ ലോകത്തെ സ്വാധീനിച്ച 100 വനിതകളെ ബിബിസി തെരഞ്ഞെടുത്തപ്പോൾ അതിലൊരാളായി തെരഞ്ഞെടുക്കപ്പെട്ട മലയാളി വനിത, കടയിൽ ദിവസം മുഴുവൻ നിൽക്കാൻ നിർബന്ധിതരാകയാൽ, പ്രത്യേകിച്ച് തുണിക്കടകളിലെ തൊഴിലാളികൾക്ക് 'ഇരിക്കുവാനുള്ള അവകാശ'ത്തിനായും പ്രാഥമിക ആവശ്യങ്ങൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായും സമരം ചെയ്യേണ്ടി വന്ന സെയിൽസ് ഗേൾസ്മാരെ മുന്നിൽ നിർത്തി അവർക്ക് വേണ്ടി പോരാട്ടത്തിനിറങ്ങിയ സാധാരണക്കാരിയായ സ്ത്രീ.

**ജിലുമോൾ മാരിയറ്റ് തോമസ്**

ജന്മനാ ഇരുകൈകളും ഇല്ലാതെയും വിവിധ ജീവിത പ്രതിസന്ധികളെ അതീജീവിച്ചും ഡ്രൈവിംഗ് ലൈസൻസ് നേടിയെടുത്ത ഏഷ്യയിലെ തന്നെ ആദ്യ വനിത എന്ന നേട്ടത്തിനുടമ. കഠിനാദ്ധ്വാനവും ദീർഘവീക്ഷണവും കൈമുതലായ ജിലുമോൾ വനിതകൾക്കും ഭിന്നശേഷിക്കാർക്കും യുവജനങ്ങൾക്കും മാതൃകയും പ്രചോദനവുമാണ്. ചിത്ര രചനയിൽ തന്റേതായ കഴിവ് തെളിയിച്ച്, ഗ്രാഫിക് ഡിസൈനറായി ജോലിയിൽ ശോഭിക്കുന്നു.

**അന്നപൂർണി സുബ്രഹ്മണ്യം**

ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോ ഫിസിക്സിന്റെ ഡയറക്ടറും, ഇന്ത്യൻ അക്കാദമി ഓഫ് സയൻസസും ആസ്ട്രോണമിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയും സംയുക്തമായി പ്രസിദ്ധീകരിക്കുന്ന ജേണൽ ഓഫ് അസ്ട്രോ ഫിസിക്സ് ആന്റ് അസ്ട്രോണമിയുടെ ചീഫ് എഡിറ്ററും, ചൈനീസ് അക്കാദമി ഓഫ് സയൻസസ് പ്രസിദ്ധീകരിച്ച ജ്യോതിശാസ്ത്ര ഗവേഷണത്തിന്റെ സയന്റിഫിക് എഡിറ്ററും ഇന്റർനാഷണൽ അസ്ട്രോണമിക്കൽ യൂണിയന്റെ അംഗത്വ സമിതിയുടെ തലവനും, ആസ്ട്രോസാറ്റ്, ആദിത്യ എൽ1 എന്നിവയുൾപ്പെടെ വിവിധ ബഹിരാകാശ ദൗത്യങ്ങളിൽ പങ്കാളിയുമായിരുന്നു. ഇന്ത്യയുമായി പങ്കാളിയായി ഒരു അന്താരാഷ്ട്ര കൺസോർഷ്യം നിർമ്മിക്കുന്ന മുപ്പത് മീറ്റർ ടെലിസ്കോപ്പിന് സംഭാവന നൽകുകയും യുവിഒപ്റ്റിക്കൽ ബഹിരാകാശ ദൂരദർശിനിയുടെ (കചടകടഠ) പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററും മൂന്ന് പതിറ്റാണ്ടോളം ഗവേഷണ പരിചയമുള്ള അന്നപൂർണി സുബ്രഹ്മണ്യം, നക്ഷത്ര സമൂഹങ്ങൾ, ഗാലക്സികൾ, അൾട്രാ വയലറ്റ് ജ്യോതിശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ 175ഓളം ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# പൊതുജന ആരോഗ്യരംഗത്ത് കേരളം മാതൃക: മന്ത്രി പി. എ. മുഹമ്മദ് റിയാസ്

പാലക്കാട്: പൊതുജന ആരോഗ്യരംഗത്ത് ലോകത്തിന് തന്നെ മാതൃകയായ സംസ്ഥാനമാണ് കേരളമെന്ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി. എ. മുഹമ്മദ് റിയാസ്. പൊതുജന ആരോഗ്യ മേഖലയിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുക എന്നതാണ് സർക്കാരിൻറെ ലക്ഷ്യം. നല്ലേപ്പിള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ കൂടുതൽ സൗകര്യങ്ങൾ വരുന്നതോടുകൂടി കൂടുതൽ മികച്ച ചികിത്സാ സംവിധാനങ്ങളും ഇവിടെ ആരംഭിക്കാനാകുമെന്നും മന്ത്രി പറഞ്ഞു. നല്ലേപ്പിള്ളി കുടുംബാരോഗ്യ കേന്ദ്രത്തിലെ പുതിയ കെട്ടിടത്തിൻറെ നിർമാണോദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ആരോഗ്യമേഖലയിൽ വലിയ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. ദേശീയ ഭക്ഷ്യസുരക്ഷാ സൂചികയിലും ദേശീയ നീതി ആയോഗ് സൂചികയിലുമെല്ലാം സംസ്ഥാനം ഒന്നാമതാണ്. ഏറ്റവും കുറവ് മാതൃശിശു മരണനിരക്കുള്ള സംസ്ഥാനമാണ് കേരളം. ദേശീയ സാമൂഹിക പുരോഗതി റിപ്പോർട്ടിൽ ആരോഗ്യ പരിചരണത്തിലും പോഷകാഹാരത്തിലും സംസ്ഥാനം മുന്നിലാണ്.

രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയയും ഹൃദയം തുറക്കാതെ വാൾവ് മാറ്റിവെക്കൽ ശസ്ത്രക്രിയയും നടത്തിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കി. സാധാരണക്കാർക്ക് മികച്ച ചികിത്സ ഉറപ്പാക്കുക എന്നതാണ് സർക്കാർ നയം.

എല്ലാവർക്കും മികച്ച ചികിത്സയും ആധുനിക ചികിത്സ രീതികളും സാധ്യമാക്കുന്ന ശുശ്രൂഷ കേന്ദ്രങ്ങളായി സർക്കാർ ആശുപത്രികളെ മാറ്റുകയാണെന്നും മന്ത്രി പറഞ്ഞു. ചെറിയ ആരോഗ്യപ്രശ്നങ്ങൾക്കും ആശുപത്രിയിൽ ചികിത്സ തേടുന്ന സ്വഭാവം വളർത്തിയെടുക്കണമെന്ന് വൈദ്യുത വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി.

നല്ലേപ്പിള്ളി കുടുംബാരോഗ്യ കേന്ദ്രം പുതിയ കെട്ടിടത്തിൻറെ നിർമാണോദ്ഘാടനത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഇതിനാവശ്യമായ ഇടപെടൽ ജനപ്രതിനിധികൾ, പഞ്ചായത്തംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ നടത്തണം. അസുഖം വന്നാൽ അവ പരിശോധിച്ച് പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ ആരംഭിച്ചാൽ ചെലവ് വലിയ തോതിൽ കുറയും.

സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് തുച്ഛമായ ചികിത്സാ ചെലവ് മാത്രമാണ് സർക്കാർ ആശുപത്രികളിലുള്ളതെന്നും മന്ത്രി പറഞ്ഞു. 115 കോടിയോളം രൂപ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൻറെ വികസനത്തിനായി ചെലവഴിക്കാൻ സാധിച്ചതായും മന്ത്രി കൂട്ടിച്ചേർത്തു.

ഉദ്ഘാടന പരിപാടിയിൽ പുതുനഗരം ചിറ്റൂർ പൊതുമരാമത്ത് വകുപ്പ് കെട്ടിടം ഉപവിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ എം. ജെ ഷമീം റിപ്പോർട്ട് അവതരിപ്പിച്ചു. നല്ലേപ്പിള്ളി കുടുംബാരോഗ്യകേന്ദ്രത്തിൽ നടന്ന പരിപാടിയിൽ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് എസ്. അനിഷ, വൈസ് പ്രസിഡൻറ് കെ. സതീഷ്, ജില്ലാ പഞ്ചായത്ത് മെന്പർ മിനി മുരളി, നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പി. അനിത, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ. മുത്തു, ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് മെന്പർ ബിന്ദു വിജയൻ, കോഴിക്കോട് സൂപ്രണ്ടിംഗ് എൻജിനീയർ സി. കെ. ഹരീഷ്കുമാർ, പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റൻറ് എൻജിനീയർ ലീന പി. നായർ എന്നിവർ പങ്കെടുത്തു.

# സുവോളജിക്കൽ പാർക്ക്: നിർമാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ഡയറക്ടർ

പുത്തൂർ: സുവോളജിക്കൽ പാർക്കിൻറെ നിർമാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകുമെന്ന് സുവോളജിക്കൽ പാർക്ക് ഡയറക്ടർ കീർത്തി ഐഎഫ്എസ്. ഇത് സംബന്ധിച്ച് യാതൊരു ആശങ്കയ്ക്കും വകയില്ലെന്നു പാർക്ക് ഡയറക്ടർ പറഞ്ഞു. സെൻട്രൽ പിഡബ്ല്യുഡിപ്പാർട്ട്മെൻറിനാണ് നിർമാണ ചുമതല.

നിലവിൽ കരാറുകാർ തമ്മിൽ തർക്കങ്ങൾ ഉള്ളതായി അറിയില്ലെന്നും അവർ പറഞ്ഞു. മൂന്ന് ഘട്ടങ്ങളിലായാണ് നിർമാണ പ്രവൃത്തികൾ നടക്കുന്നത്. ആദ്യഘട്ട നിർമാണ പ്രവൃത്തികൾ പൂർത്തിയായി. രണ്ടാം ഘട്ടത്തിലുള്ള മാനുകളുടെ കൂടുകളുടെ നിർമാണ പ്രവൃത്തികൾ പൂർത്തിയായി.

ചീങ്കണികളുടെ ഫിൽട്ടറേഷൻ യൂണിറ്റ് സ്ഥാപിക്കലും, കരടികളുടെ കൂടുകളുടെ നിർമാണവും, വിവിധതരം കാട്ട് നായ്കളുടെ കൂടുകളുടെ നിർമാണവും ഇനി പൂർത്തിയാകാനുണ്ട്. പുൽമൈതാനത്തിൻറെ പണികളും ഇനി പൂർത്തിയാകാനുണ്ട്.

സെപ്റ്റംബറിൽ തന്നെ പണികൾ പൂർത്തിയാക്കി ഡിസംബറിൽ സുവോളജിക്കൽ പാർക്ക് തുറക്കാനാകുമെന്ന് അധികൃതർ വ്യക്തമാക്കി. ഈ മാസം 15ഓടെ തൃശൂർ മൃഗശാലയിൽ നിന്ന് മാനുകളെ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റും. സുവോളജിക്കൽ പാർക്കിലെ ഐസലേഷൻ കൂട്ടിൽ കഴിയുന്ന വൈഗ, ദുർഗ ഉൾപ്പെടെയുള്ള കടുവകളെ ഐസലേഷൻ കൂട്ടിൽ നിന്ന് മാറ്റുന്നതിനായി സെൻട്രൽ സൂ അഥോറിറ്റിയുടെ അനുമതി തേടി സുവോളജിക്കൽ പാർക്ക് ഡയറക്ടർ കത്തയച്ചു.

നാഷണൽ ടൈഗർ കൺസർവേറ്ററുടെ അനുമതി തേടി വനം വകുപ്പും കത്തയച്ചു. കഴിഞ്ഞ ഏപ്രിലിൽ ആണ് വൈഗ, ദുർഗ കടുവകളെ സുവോളജിക്കൽ പാർക്കിൽ എത്തിച്ചത്.

## ജിപിഎസ് ഘടിപ്പിച്ച വാഹനങ്ങളിൽ കുടിവെള്ളം വിതരണംചെയ്യും

പള്ളിനട: കയ്പമംഗലം മണ്ഡലത്തില് ജിപിഎസ് ഘടിപ്പിച്ച വാഹനങ്ങളിൽ കുടിവെള്ളം വിതരണംചെയ്യും. കയ്പമംഗലം മണ്ഡലത്തിൻറെ നേരിടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും നാഷണൽ ഹൈവേ നിർമാണത്തിൽ കുടിവെള്ള പൈപ്പുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നതുമായും ബന്ധപ്പെട്ട് ഇ. ടി. ടൈസൺ എംഎൽഎ വിളിച്ചുചേർത്ത ഉന്നതതല യോഗത്തിലാണ് ഇതുസംബന്ധിച്ച തീരുമാനം.

അടിയന്തരമായി ജിപിഎസ് ഘടിപ്പിച്ച വാഹനങ്ങളിൽ വാട്ടർ അഥോറിറ്റിയുടേയും ഗ്രാമ പഞ്ചായത്തുകളുടേയും നേതൃത്വത്തിൽ കുടിവെള്ളം വിതരണംചെയ്യും. ദേശീയപാത നിർമാണത്തിൽ പൈപ്പ് ലൈനുകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ പിഡബ്ല്യുഡിയുടേയും വാട്ടർ അഥോറിറ്റിയുടേയും എൻജിനീയർ സംഘങ്ങൾ പരിശോധിച്ച് നിർവഹിക്കേണ്ട നടപടികൾ വേഗത്തിലാക്കാൻ തീരുമാനിച്ചു.

ജല്ജീവന് മിഷൻറെയും പൈപ്പ് ലൈനുകൾ പൂർത്തിയാക്കേണ്ട പഞ്ചായത്തുകളിൽ എത്രയും വേഗത്തിൽ പണിപൂർത്തീകരിക്കാൻ തീരുമാനമായി. ഗ്രാമ പഞ്ചായത്ത് പ്രസിഡൻറുമാരായ വിനീത മോഹൻദാസ്, എം. എസ്. മോഹനൻ, സീനത്ത് ബഷീർ, കെ. പി. രാജൻ, നിഷ അജിതൻ, ശോഭന രവി, ടി. എസ്. ചന്ദ്രബാബു, വാട്ടർ അഥോറിറ്റി എക്സി. എന്ജിനീയർമാരായ ബാബു, ലിറ്റി ജോർജ്, ബിന്നി പോൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## ആലംകടവിൽ മേൽപ്പാല നിർമാണ പ്രവൃത്തികൾക്ക് ഇന്നു മുതൽ തുടക്കം

ചിറ്റൂർ: ആലാംകടവ് നർണി മേൽപ്പാലത്തിൻറെ നിർമാണ പ്രവൃത്തികൾ ഇന്ന് മുതൽ തുടങ്ങാൻ തീരുമാനമായി.

ഇന്നലെ വൈദ്യുതി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ആലോചനയോഗത്തിലാണ് അന്തിമ തീരുമാനമായത്. യോഗത്തിൽ സ്വതന്ത്ര വൈദ്യുതി ഡയറക്ടർ വി. മുരുകദാസ്, ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാരായ റിഷാ പ്രേം കുമാർ പെരുമാട്ടി, അനീഷ നല്ലേപ്പിള്ളി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയർ റിറോറിന്ന, അസിസ്റ്റൻറ് എൻജിനിയർ എ. അനുരാഗ് മറ്റും ജനപ്രതി നിധികളും പങ്കെടുത്തു. ഇന്നു മുതൽ നിലമ്പതിപ്പാലത്തിനു കിഴക്കുവശത്തായി ചെറുവാഹനങ്ങൾ സഞ്ചരിക്കാൻ താൽക്കാലിക പാത നിർമിക്കും.

10ന് നിലമ്പതിപ്പാലം പൊളിച്ചു തുടങ്ങും. അന്നു മുതൽ നിലവിലുള്ള പാലം വഴിയുള്ള സഞ്ചാരം പൂർണമായും നിർത്തിവെയ്ക്കും. നിലവിൽ ഇതുവഴി സർവിസ് നടത്തുന്ന ബസുകൾ കന്നി മാറായിൽ നിന്നും നർണി വരെ എത്തി തിരിച്ചു പോകും. ഈ പ്രദേശ ങ്ങളിലെ യാത്രക്കാർക്ക് താൽക്കാലിക സൗകര്യത്തിനാണ് ബസുകൾ എത്തിക്കുന്നത്. നിർമാണത്തിനു ഒന്നര വർഷത്തെ സമയപരിധി കണക്കാക്കിയിട്ടുണ്ടെങ്കിലും യുദ്ധകാലടിസ്ഥാനത്തിൽ പണി പൂർത്തിയാക്കുമെന്നും പൊതുമരാമത്തു പാലം വകുപ്പും വിഭാഗം അധികൃതർ അറിയിച്ചു.

പതിനഞ്ചു മീറ്റർ ദൈർഘ്യത്തിലുള്ള മേൽപ്പാലത്തിന് പരമാവധി നാല് മീറ്റ ഉയരവും ആറു മില്ലറുകളും നിർമിക്കുമെന്നും അധികൃതർ അറിയിച്ചു.

# മോദിയുടെ ഗാരൻറി ഒറിജനൽ അല്ലെന്ന് ജനം തിരിച്ചറിയും: ഷാഫി പറമ്പിൽ

ഒല്ലൂർ: മോദിയുടെ ഗാരൻറി അത്ര ഒറിജിനൽ അല്ലെന്നു ജനം തിരിച്ചറിയുമെന്നു ഷാഫി പറമ്പിൽ എംഎൽഎ. വെറുപ്പിനെതിരെ ടി. എൻ. പ്രതാപൻ എംപി നയിക്കുന്ന സ്നേഹസന്ദേശ യാത്രയുടെ ഒല്ലൂർ ബ്ലോക്ക് പര്യടനം ചിയ്യാരത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

തൃശൂരിൻറെ മനുഷ്യസ്നേഹത്തിൻറെ ഒറിജിനൽ പതിപ്പാണ് ടി. എൻ. പ്രതാപൻ. ആത്മാഭിമാനമുള്ള ഒരാൾക്കും നെറികെട്ട ഭരണത്തിനെതിരെ പ്രതികരിക്കാതിരിക്കാനാവില്ല. വന്യജീവികളെക്കൊണ്ട് കാട്ടിലും സിപിഎം ഗുണ്ടകളെക്കൊണ്ട് നാട്ടിലും എസ്എഫ്ഐയെക്കൊണ്ട് കാമ്പസിലും രക്ഷ ഇല്ലാതായിരിക്കുകയാണ്. പാവപ്പെട്ട വിദ്യാർഥിയെ തല്ലിക്കൊന്നിട്ടു മിണ്ടാതിരിക്കുകയാണ് ഇവിടത്തെ ഭരണകൂടം.

പെട്രോളിൻറെയും ഗ്യാസിൻറെയും വിലകൂടിയതു രാജ്യം ഭരിക്കുന്നവർക്കു പ്രശ്നമല്ല. രൂപയുടെ മൂല്യം തകർന്നതും വിഷയമല്ല. പള്ളി പൊളിച്ചും ദേവാലയങ്ങൾ തകർത്തും ഉണ്ടാക്കിയ നേട്ടത്തെക്കുറിച്ചുമാത്രമേ പറയാനുള്ളൂവെന്നും ഷാഫി പറമ്പിൽ പറഞ്ഞു. റിസൻ വർഗീസ് അധ്യക്ഷത വഹിച്ചു. ഡിസിസി പ്രസിഡൻറ് ജോസ് വള്ളൂർ മുഖ്യാതിഥിയായി.

സുനിൽ അന്തിക്കാട്, ഷാജി കോടങ്കണ്ടത്ത്, ജോൺ ഡാനിയൽ, സുനിൽ ലാലൂർ, ജെയ്ജു സെബാസ്റ്റ്യൻ, ശശികുമാർ, സിജോ കടവിൽ, ടി. എം. രാജീവ്, കെ. സി. അഭിലാഷ്, കെ. എം. വിജയകുമാർ, ലീലാമ്മ തോമസ് ജോണി, ആൻറോ ചെറയ്ക്കൽ, ആൻറോ ചീനിക്കൽ, സിനോയ്, ഡേവിസ് ചക്കാലയ്ക്കൽ തുടങ്ങിയവർ സംസാരിച്ചു.

# പാളം മറികടക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് റെയിൽവേ

ഒറ്റപ്പാലം: പള്ളം പ്രദേശുത്തുകാർക്ക് പ്രതീക്ഷയുടെ പച്ചവെളിച്ചം. പാളം മുറിച്ചു കടക്കാൻ അടിപ്പാതയോ മേൽപ്പാലമോ നിർമിക്കുന്നതിന് പഠനം നടത്താൻ റെയിൽവേ തീരുമാനിച്ചു.

ഒറ്റപ്പാലം റെയിൽവേ സ്റ്റേഷനും ഭാരതപ്പുഴയ്ക്കും ഇടയിൽ താമസിക്കുന്ന പള്ളം പ്രദേശത്തുകാർക്കാണ് റെയിൽപ്പാളത്തിൽകൂടി നടക്കാതെ യാത്രചെയ്യാൻ സംവിധാനമൊരുക്കാൻ റെയിൽവേ സാധ്യതാപഠനം നടത്തുന്നത്.

കാൽനട മേൽപ്പാലമോ അടിപ്പാതയോ നിർമിക്കേണ്ടതെന്നാണു പരിശോധിക്കുന്നത്. റെയിൽവേയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാരുമായി ചേർന്നാണു പരിശോധന നടത്തുന്നത്.

ദക്ഷിണ റെയിൽവേ ജനറൽ മാനേജരുമായുള്ള യോഗത്തിനുശേഷം വി. കെ. ശ്രീകണ്ഠൻ എംപിക്കു നൽകിയ റിപ്പോർട്ടിലാണ് സാധ്യതാപഠനം നടത്തുന്നുവെന്ന് റെയിൽവേ അധികൃതർ അറിയിച്ചത്. റെയിൽപ്പാളം കടന്നുപോകുന്ന കണ്ണിയംപുറം കനാലിനു സമീപം വഴിയൊരുക്കാനുള്ള സാധ്യതയാണ് എംപി, റെയിൽവേയോട് ആരാഞ്ഞത്. എന്നാൽ, ഇവിടെ റെയിൽവേ നിയമപ്രകാരം സാധിക്കില്ലെന്നും ആളുകൾ ഇപ്പോൾ റെയിൽ മുറിച്ചു കടക്കുന്നിടത്ത് സാധ്യതാപഠനം നടത്തുന്നുണ്ടെന്നും അറിയിക്കുകയായിരുന്നു. നിലവിൽ റെയിൽവേ സ്റ്റേഷൻറെ ഏറ്റവും അറ്റത്തായി ആർഎസ് റോഡ് അവസാനിക്കുന്ന പ്രദേശത്തുകൂടി ആളുകൾ പാളം മുറിച്ചുകടന്നാണു പള്ളത്തെത്തുന്നത്. മുപ്പതോളം വീടുകളാണ് ഈ പ്രദേശത്തുള്ളത്. ഈ ഭാഗത്താണ് മേൽപ്പാലമുൾപ്പെടെയുള്ള സാധ്യതകൾ തേടുന്നത്. നേരത്തെ ഈ പ്രദേശത്ത് ആളുകൾ പാളം മുറിച്ചു കടക്കുന്നത് സുരക്ഷാ പ്രശ്നമുണ്ടാക്കുന്നുവെന്നു റെയിൽവേ കണ്ടെത്തിയിരുന്നു.

ലോക്കോ പൈലറ്റുമാരുൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ പരാതികളുടെ അടിസ്ഥാനത്തിൽ ഇവിടെ വഴി കെട്ടിയടയ്ക്കാൻ ശ്രമവും നടത്തിയിരുന്നു.

സ്റ്റേഷന് അപ്പുറത്ത് താമസിക്കുന്നവർക്കു വഴിയില്ലാതാകുമെന്നു ചൂണ്ടിക്കാണിച്ച് പ്രതിഷേധമുയരുകയും റെയിൽവേ ശ്രമം ഉപേക്ഷിക്കുകയുമായിരുന്നു. ഉത്തർപ്രദേശിൽ നിന്നുള്ള ഡോക്ടർ രാധാ മോഹൻദാസ് അഗർവാൾ എംപിയുടെ ഇടപെടലാണ് മതിൽ കെട്ടുന്നതിൽ നിന്നും അന്ന് റെയിൽവേ പിന്തിരിപ്പിച്ചത്.

# വാഹനമിടിച്ച് വയോധികൻ മരിച്ച കേസിൽ നിർത്താതെ പോയ വാഹനവും പ്രതികളെയും പോലീസ് പിടികൂടി

മണ്ണാർക്കാട്: വാഹനാപകടത്തിൽ പരിക്കുപറ്റി ചികിത്സയിലായിരുന്ന വിയ്യക്കുറുശി നൊട്ടമല കൈപ്പുള്ളി അലവിയുടെ മകൻ സെയ്താലി എന്ന മാനുക്ക (73) മരിച്ച കേസിൽ രണ്ട് പേരെ മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ഇ. ആർ. ബൈജുവിൻറെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം അറസ്റ്റ് ചെയ്തു.

ബൈക്ക് ഓടിച്ചിരുന്ന പുലാപ്പറ്റ കോണിക്കഴി പാട്ടക്കൽ ജബ്ബാറിൻറെ മകൻ യാസർ അറാഫത്ത് (36), കൂടെ യാത്ര ചെയ്തിരുന്ന പുലാപ്പറ്റ കോണിക്കഴി താലിക്കുഴി ഹുസൈനാരുടെ മകൻ ഷറഫുദ്ദീൻ (37) എന്നിവരാണ് അറസ്റ്റിലായത്. ഇവർ സഞ്ചരിച്ചിരുന്ന ബൈക്കും പോലീസ് പിടിച്ചെടുത്തു. കഴിഞ്ഞ ഫെബ്രുവരിയിൽ മണ്ണാർക്കാട് നൊട്ടമലയിൽ റോഡ് മുറിച്ചു കടക്കുകയായിരുന്ന സെയ്താലിയെ മണ്ണാർക്കാട് ഭാഗത്തുനിന്നും വന്ന ബൈക്ക് ഇടിച്ചിട്ട് നിർത്താതെ പോവുകയായിരുന്നു.

മണ്ണാർക്കാട് ഭാഗത്തേയും പ്രതികൾ സഞ്ചരിച്ച ഭാഗങ്ങളിലെ 25 ഓളം സിസിടിവി കാമറകൾ പരിശോധിച്ചതിൽ പ്രതികളെ കുറിച്ച് വ്യക്തമായ സൂചന പോലീസിന് ലഭിക്കുകയും തുടർന്ന് പ്രതികളെ കണ്ടെത്തുന്നതിനും അറസ്റ്റ് ചെയ്യുന്നതിനും കഴിഞ്ഞു. ഇൻസ്പെക്ടർ ഇ. ആർ. ബൈജു, എസ്ഐ ഉണ്ണി, സീനിയർ പോലീസ് ഓഫീസർമാരായ സാജിദ്, സുരേഷ്, രാജീവ്, സിവിൽ പോലീസ് ഓഫീസർ റംഷാദ് എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഓർമ്മകളിൽ മണി മുഴക്കം

1999ലാണ് മണി വിവാഹിതനായത്. നിമ്മിയാണ് ഭാര്യ. ശ്രീലക്ഷ്മി ഏകമകളാണ്.

മിമിക്രി വേദികളിൽ നിന്നാണ് മണിയെ സിനിമ സ്വന്തമാക്കുന്നത്. ഹാസ്യ താരമായി അഭിനയം തുടങ്ങിയ മണി പിന്നീട് വില്ലനായും നായകനായും സിനിമയിൽ സ്ഥാനം കണ്ടെത്തി. മലയാളത്തിന് പുറമേ തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലും മികച്ച പ്രകടനം കൊണ്ട് മണി ആരാധകരെ സൃഷ്ടിച്ചു. നാടൻ പാട്ടുകളിലൂടെ ആരാധകരെ കയ്യിലെടുത്തു. പ്രശസ്തിയുടെ കൊടുമുടി കയറുമ്പോഴും തന്റെ നാടായ ചാലക്കുടിയേയും ചാലക്കുടിക്കാരേയും മണി നെഞ്ചോട് ചേർത്തു വച്ചു.

വിസ്മൃതിയിലേക്കാണ്ടുപോയ നാടൻപാട്ടെന്ന കലയെ ഇത്രമേൽ ജനപ്രിയമാക്കിയ മറ്റൊരു മലയാളിയുണ്ടാകില്ല. പാട്ടുപോലെ തന്നെ ചടുലമായിരുന്നു മണിയെന്ന കലാകാരൻറെ ജീവിതവും. മണി എന്നുമൊരു ആഘോഷമായിരുന്നു. ഇല്ലായ്മകളിൽനിന്ന് പോരാടുന്ന ഓരോ മലയാളിയുടെയും മുന്നിൽവച്ച ബഹുമുഖങ്ങളുള്ള കണ്ണാടി. പഠനത്തിൽ പിന്നോക്കക്കാരനായപ്പോഴും പഠനമൊഴികെയുള്ള എല്ലാ വിഷയത്തിലും മുന്നിട്ടു നിന്ന വിദ്യാർത്ഥി. പത്താം ക്ലാസ്സിൽ പഠനം നിർത്തി തെങ്ങുകയറ്റക്കാരനായും മണൽവാരൽ തൊഴിലാളിയായും ഓട്ടോറിക്ഷ ഡ്രൈവറായുമൊക്കെ ഉപജീവനം നടത്തിയ ഒരു സാധാരണക്കാരൻ. എന്നാൽ, പട്ടിണിയ്ക്കും പരിവട്ടങ്ങൾക്കുമൊപ്പം വളരുമ്പോഴും കെടാത്ത അഗ്നിപോലെ മനസ്സിൽ കലയോടുള്ള സ്നേഹം മനസ്സിൽ സൂക്ഷിച്ചവൻ. ആ ഇഷ്ടമാണ് മണിയെന്ന ചെറുപ്പക്കാരനെ കലാഭവന്റെ മിമിക്സ് ട്രൂപ്പിലെത്തിച്ചത്. സൗന്ദര്യത്തിനു പ്രത്യക്ഷത്തിലും ജാതി വ്യവസ്ഥയ്ക്ക് പരോക്ഷമായും വേരുകളുണ്ടായിരുന്ന മലയാള സിനിമാലോകത്ത് നായകന്റെ എർത്തോ വീട്ടുവേലക്കാരനോ പാൽകാരനോ ചെത്തുകാരനോ ഒക്കെയായി ഒതുങ്ങിപ്പോയേക്കാവുന്ന സാധ്യതകൾ മാത്രമായിരുന്നു ആ ചെറുപ്പക്കാരനു മുന്നിലുണ്ടായിരുന്നത്. എന്നാൽ, പ്രതിഭയും നിഷ്കളങ്കമായ ചിരിയും സ്വതസിദ്ധമായ നർമ്മവും നാടൻപാട്ടുകളും കൊണ്ട് തന്റെ കഥാപാത്രങ്ങൾക്ക് കലാഭവൻ മണി ജീവൻ പകർന്നപ്പോൾ മലയാളികളുടെ സ്നേഹം നേടിയെടുക്കാൻ ആ കലാകാരനു കഴിഞ്ഞു. പ്രത്യേക താളത്തിലുള്ള ആ ചിരി മണിയെ ആബാലവൃദ്ധം ജനങ്ങൾക്കും പരിചിതനാക്കി.

'അക്ഷരം' എന്ന ചിത്രത്തിലെ ഓട്ടോഡ്രൈവറുടെ കഥാപാത്രത്തിലൂടെയാണ് ചലച്ചിത്ര രംഗത്തേക്കുള്ള കലാഭവൻ മണിയുടെ അരങ്ങേറ്റം. 'സല്ലാപം' എന്ന ചിത്രത്തിലെ ചെത്തുകാരൻ രാജപ്പന്റെ വേഷം മണിയെ ശ്രദ്ധേയനാക്കി. പിന്നെ, മണിയുടെ കാലമായിരുന്നു. പകരംവയ്ക്കാനില്ലാത്ത ഒരുപിടി കഥാപാത്രങ്ങൾ. വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും, കരുമാടിക്കുട്ടൻ, വാൽക്കണ്ണാടി, കരടി, ബെൻ ജോൺസൺ, അങ്ങനെ, നായകനായും പ്രതിനായകനായും സഹനടനായും മണി തിളങ്ങി. തെന്നിന്ത്യൻ സിനിമയിൽ മണിക്ക് തുല്യം മണി മാത്രമായി.

2016 മാർച്ച് അഞ്ചിനാണ് വീടിനുസമീപത്തെ അതിഥിമന്ദിരമായ 'പാഡി'യിൽ കലാഭവൻ മണിയെ രക്തം ഛർദിച്ച് അവശനിലയിൽ കണ്ടെത്തിയത്. ഉടനെ എറണാകുളത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും പിറ്റേന്നു വൈകീട്ടോടെ മരണം സംഭവിക്കുകയായിരുന്നു. ഒടുവിൽ, പാതിവഴിയിലെവിടെയോ മുറിഞ്ഞു പോയ ഒരു നാടൻ പാട്ടു പോലെ ജീവിതത്തിൽ നിന്ന് ആ മനുഷ്യൻ മടങ്ങിയപ്പോൾ ചാലക്കുടി അക്ഷരാർത്ഥത്തിലൊരു ജനസാഗരമായിമാറി.

# 33 ഹോമിയോ ഡിസ്പെൻസറികൾ ഉദ്ഘാടനം ചെയ്തു

സംസ്ഥാനത്ത് 33 ഹോമിയോ ഡിസ്പെൻസറികൾ കൂടി പ്രവർത്തനം തുടങ്ങി. ആരോഗ്യമന്ത്രി വീണാ ജോർജ് ഉദ്ഘാടനം നിർവഹിച്ചു. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത 35 പഞ്ചായത്തുകളിലും 5 മുൻസിപ്പാലിറ്റികളിലും ഡിസ്പെൻസറികൾ സർക്കാർ അനുവദിച്ചിരുന്നു. ഇതിനായി 40 ഹോമിയോ മെഡിക്കൽ ഓഫീസർമാരുടെ തസ്തികയും സൃഷ്ടിച്ചു. 40 ഡിസ്പെൻസറികളിൽ 33 എണ്ണമാണ് ഇപ്പോൾ പ്രവർത്തനസജ്ജമായത്. ബാക്കിയുള്ളവ ഉടൻ പ്രവർത്തനസജ്ജമാകുമെന്ന് മന്ത്രി പറഞ്ഞു. നാഷണൽ ആയുഷ് മിഷന്റെ സഹകരണത്തോടെ പുതിയ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റുകളെ നിയമിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നത്.

ആയുഷ് മേഖലയ്ക്ക് സവിശേഷമായ പ്രാധാന്യം നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയുർവേദ ചികിത്സാ രംഗം ശക്തിപ്പെടുത്തുന്നതിനായി പുതുതായി 116 തസ്തികകൾ കൂടി സൃഷ്ടിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 532.51 കോടി രൂപയാണ് ആയുഷ് മേഖലയുടെ വികസനത്തിനായി അനുവദിച്ചത്. ജീവിതശൈലീ രോഗ പ്രതിരോധത്തിന് പ്രാധാന്യം നൽകി 1000 ആയുഷ് യോഗ ക്ലബ്ബുകൾ ആരംഭിച്ചു. 150 സർക്കാർ ആയുഷ് സ്ഥാപനങ്ങൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭ്യമായി. ഇത്രയും സ്ഥാപനങ്ങൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിക്കുന്നത് രാജ്യത്ത് ആദ്യമായാണ്. ആയുഷ് മേഖലയിൽ ഇഹോസ്പിറ്റൽ സംവിധാനം നടപ്പിലാക്കി. 510 ആയുഷ് ഡിസ്പെൻസറികളെ കൂടി ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി ഉയർത്തി. ഇതോടെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ ആകെ 600 ആയി. ഇവിടങ്ങളിൽ യോഗ ഇൻസ്ട്രക്ടർമാരുടെ സേവനവും കൂടി ലഭ്യമാക്കിയതായി മന്ത്രി പറഞ്ഞു.

അട്ടപ്പാടി, കൊട്ടാരക്കര, അടൂർ എന്നിവിടങ്ങളിൽ ആയുഷ് ഇന്റർഗ്രേറ്റഡ് ആശുപത്രികൾ സജ്ജമാക്കി വരുന്നു. കണ്ണൂരിലെ രാജ്യാന്തര ഗവേഷണ കേന്ദ്രത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തിയാകും. ഈ പദ്ധതിയുടെ ആദ്യഘട്ടമായ ഗവേഷണ ആശുപത്രി, മാനുസ്ക്രിപ്റ്റ് സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുന്നു. കേരളത്തിന് പുറത്തു നിന്നും പരമാവധി ആളുകളെ ചികിത്സയ്ക്കും വെൽനസിനുമായി എത്തിക്കാനുള്ള സൗകര്യമൊരുക്കും.

പാലക്കാട് ജില്ലയിലെ അകത്തേത്തറ, കൊടുമ്പ, വടകരപ്പതി, പെരുമാട്ടി, പട്ടഞ്ചേരി, കുമരംപുത്തൂർ, വെള്ളിനേഴി, വിളയൂർ, അയിരൂർ, ഷൊർണൂർ, കപ്പൂർ, പൂക്കോട്ടുകാവ്, നെല്ലായ, തൃശൂർ ജില്ലയിലെ ചേർപ്പ്, വല്ലച്ചിറ, വാടാനപ്പള്ളി, എറണാകുളം ജില്ലയിലെ ഏലൂർ, കളമശേരി, കാട്ടൂർ, മലപ്പുറം ജില്ലയിലെ മുതുവല്ലൂർ, പെരുവള്ളൂർ, തേഞ്ഞിപ്പാലം, മുന്നിയൂർ, വേങ്ങര, കണ്ണമംഗലം, വെട്ടത്തൂർ, മേലാറ്റൂർ, മങ്കട, കീഴാറ്റാർ, കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത്, തുറയൂർ, ചോറോട്, കായണ്ണ എന്നീ ഹോമിയോ ഡിസ്പെൻസറികളാണ് ഉദ്ഘാടനം നടത്തിയത്.

മന്ത്രിമാരായ പി. രാജീവ്, എം.ബി. രാജേഷ്, ഡോ. ആർ. ബിന്ദു, കെ. കൃഷ്ണൻകുട്ടി, അതത് ഡിസ്പെൻസറികൾ സ്ഥിതി ചെയ്യുന്ന മണ്ഡലങ്ങളിലെ എംഎൽഎമാർ, മറ്റ് ജനപ്രതിനിധികൾ, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ഡോ. എം.എൻ. വിജയാംബിക എന്നിവർ ഓൺലൈനായി നടന്ന ചടങ്ങിൽ പങ്കെടുത്തു.

## ഉപരാഷ്ട്രപതി 8ന് തിരുവനന്തപുരത്ത്

ഉപരാഷ്ട്രപതി ജഗദീപ് ധൻകർ ഇന്ന് (മാർച്ച് 8) തിരുവനന്തപുരത്തെത്തും. കോവളം കെ. ടി. ഡി. സി സമുദ്രയിൽ നടക്കുന്ന രാജാങ്ക പുരസ്കാര വിതരണ ചടങ്ങിൽ മുഖ്യാതിഥിയായാണ് ഉപരാഷ്ട്രപതി എത്തുന്നത്. ഉച്ചയ്ക്ക് 2.10ന് ശംഖുമുഖം എയർപോർട്ട് ടെക്നിക്കൽ ഏര്യയിൽ എത്തുന്ന ഉപരാഷ്ട്രപതി 2.30ന് കെ. ഡി. ഡി. ഡി സമുദ്രയിൽ എത്തും. 3.30ന് അവിടെ നിന്ന് മടങ്ങുന്ന അദ്ദേഹം 3.50ന് എയർഫോഴ്സ് ടെക്നിക്കൽ ഏര്യയിൽ നിന്ന് കോയമ്പത്തൂരിലേക്ക് പോകും.

# കരാട്ടേ മുതൽ സേവനം വരെ: വേറിട്ട പരിപാടികളുമായി കുടുംബശ്രീയുടെ വനിതാ ദിനാഘോഷം

കരാട്ടേ മാസ്റ്റർ പരിശീലകർ മുതൽ വിവിധ സേവനങ്ങൾക്കായി സജ്ജമാക്കുന്ന പ്രൊഫഷണൽ ടീം അംഗങ്ങൾ വരെ അണിനിരക്കുന്ന വേറിട്ട പരിപാടികളുമായി കുടുംബശ്രീയുടെ വനിതാ ദിനാഘോഷം ഇന്ന് (83 2024) വഴുതക്കാട് മൗണ്ട് കാർമൽ കൺവെൻഷൻ സെൻററിൽ അരങ്ങേറും. വനിതാദിനാഘോഷവും നഗരങ്ങളിൽ വിവിധ സേവനങ്ങൾക്കായി കുടുംബശ്രീയുടെ പ്രൊഫഷണൽ ടീം 'ക്വിക് സർവി'ൻറെയും ഉദ്ഘാടനവും 'രചന' സമാപന പ്രഖ്യാപനവും തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി രാജേഷ് നിർവഹിക്കും. അഡ്വ. വി.കെ പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിക്കും.

രാവിലെ ഉദ്ഘാടനത്തിനു മുന്നോടിയായി സംഘടിപ്പിക്കുന്ന സെഷനിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് ആമുഖ പ്രഭാഷണം നടത്തും. തുടർന്ന് രംഗശ്രീ പ്രവർത്തകരും ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളും ചേർന്ന് അവതരിപ്പിക്കുന്ന കലാപ്രകടനം വേദിയിൽ അരങ്ങേറും. പത്തു മണിക്ക് കുടുംബശ്രീയുടെ 'ധീരം' കരാട്ടെ പരിശീലന പദ്ധതിയുടെ ഭാഗമായി പ്രത്യേക പരിശീലനം നേടിയ മാസ്റ്റർ പരിശീലകരുടെ കരാട്ടെ പ്രദർശനവും നടത്തും. സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്, ജെൻഡർ റിസോഴ്സ് സെൻറർ ഗുണഭോക്താക്കൾ പ്രവർത്തന മേഖലയിലെ അനുഭവങ്ങൾ പങ്കുയ്ക്കും.

11 മണിക്ക് ആരംഭിക്കുന്ന ഉദ്ഘാടന ചടങ്ങിൽ തിരുവനന്തപുരം കോർപ്പറേഷൻ 'ക്വിക്ക് സെർവ്' ടീം ഉദ്ഘാടനം മേയർ ആര്യാ രാജേന്ദ്രൻ നിർവഹിക്കും. മികച്ച പ്രവർത്തനം കാഴ്ച വച്ച ജെൻഡർ റിസോഴ്സ് സെൻറർ, 'സ്നേഹിത' എന്നിവയ്ക്കുള്ള അവാർഡ് വിതരണം ഡോ. ശശി തരൂർ എം.പി നിർവഹിക്കും. ജെൻഡർ പോയിൻറ് പേഴ്സൺമാർക്കുള്ള ഐ.ഡി കാർഡ് വിതരണം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ്കുമാർ നിർവഹിക്കും. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ശർമ്മിള മേരി ജോസഫ് മുഖ്യ പ്രഭാഷണം നടത്തും. ചലച്ചിത്ര സംവിധായിക വിധു വിൻസെന്റ്, ചലച്ചിത്രതാരം ഷൈലജ പി. അമ്പു, എഴുത്തുകാരി വിജയരാജമല്ലിക എന്നിവർ വിശിഷ്ടാതിഥികളാകും.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ എം.ജി രാജമാണിക്യം, തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി കെ. മുഹമ്മദ് വൈ. സഫീറുള്ള, കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗങ്ങളായ ഗീത നസീർ, സ്മിത സുന്ദരേശൻ, കോർപ്പറേഷൻ സ്ഥിരം സമിതി അധ്യക്ഷൻ ക്ലൈനസ് റൊസാരിയോ. എൽ, വാർഡ് കൗൺസിലർ രാഖി രവികുമാർ, കോർപ്പറേഷൻ സി.ഡി.എസ് 1, 2, 3, 4 സി.ഡി.എസുകളിലെ അധ്യക്ഷമാരായ സിന്ധു ശശി, വിനീത. പി, ഷൈന. എ, ബീന. പി എന്നിവർ ആശംസകൾ അർപ്പിക്കും. കുടുംബശ്രീ ഡയറക്ടർ കെ.എസ്. ബിന്ദു നന്ദി പറയും.

12.30ന് 'ലിംഗാധിഷ്ഠിത അതിക്രമവുമായി ബന്ധപ്പെട്ട ഇടപെടലുകളും വെല്ലുവിളികളും', എന്ന വിഷയത്തിൽ വിവിധ വകുപ്പ് പ്രതിനിധികൾ പങ്കെടുക്കുന്ന സെമിനാർ നടക്കും. ഉച്ചക്ക് 2.15ന് 'മാനസിക ആരോഗ്യംനൂതന പ്രവണതകൾ, വെല്ലുവിളികൾ, പരിഹാര മാർഗ്ഗങ്ങൾ' എന്ന വിഷയത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മാനസികാരോഗ്യ വിദഗ്ധൻ ഡോ.അരുൺ.ബി.നായർ പ്രഭാഷണം നടത്തും.



അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ സംസ്ഥാന തല പരിപാടികളുടെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു. മന്ത്രി വി ശിവൻകുട്ടി സമീപം

# സ്ത്രീ ധനം കൊടുക്കുന്നവരേയും വാങ്ങുന്നവരേയും ഒറ്റപ്പെടുത്തണം: മന്ത്രി വീണാ ജോർജ്

സ്ത്രീ ധനം കൊടുക്കുന്നവരേയും വാങ്ങുന്നവരേയും ഒറ്റപ്പെടുത്തണമെന്ന് ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ്. സ്ത്രീ ധനത്തിനെതിരെ സ്ത്രീ സമൂഹം ഒന്നിച്ച് നില കൊള്ളണം. എല്ലാവരും വിചാരിച്ചാൽ നമുക്കത് സാധ്യമാക്കാമെന്നും മന്ത്രി വ്യക്തമാക്കി. അന്താരാഷ്ട്ര വനിതാ ദിനാചരണം സംസ്ഥാനതല പരിപാടികളുടെ ഉദ്ഘാടനവും വനിതാ രത്ന പുരസ്കാര വിതരണവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സ്ത്രീ സൗഹൃദ നവ കേരളമാണ് ലക്ഷ്യമിടുന്നത്. ആരോഗ്യമുള്ള ശരീരവും ആരോഗ്യമുള്ള മനസും സ്ത്രീകൾക്കുണ്ടാവണം. സ്ത്രീകളിലെ വിളർച്ച കണ്ടെത്തി ചികിത്സിക്കുന്നതിനായി വിവ കേരളം പദ്ധതി നടപ്പിലാക്കി. സ്തനാർബുദം കണ്ടെത്തുന്നതിനായി ഈ വർഷം പുതിയൊരു കാമ്പയിൻ ആരംഭിക്കുന്നതാണ്. ആരംഭത്തിൽ തന്നെ കണ്ടെത്തിയാൽ പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്നതാണ് സ്തനാർബുദം. സ്തനാർബുദം ബാധിച്ചവരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ കാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ ജില്ലാ, താലൂക്ക് തല ആശുപത്രികളിൽ കൂടി മാമോഗ്രാം മെഷീനുകൾ സ്ഥാപിച്ചു വരുന്നു. സന്നദ്ധ സംഘടനകൾ, സ്വകാര്യ മേഖല എന്നിവരെക്കൂടി ഉൾപ്പെടുത്തിയായിരിക്കും കാമ്പയിൻ ആരംഭിക്കുക.

'സ്ത്രീകളിൽ നിക്ഷേപിക്കുക മുന്നേറ്റത്തെ ത്വരിതപ്പെടുത്തുക' എന്നതാണ് ഈ വർഷത്തെ വനിതാ ദിനാചരണ സന്ദേശം. പതിറ്റാണ്ടുകൾക്ക് മുമ്പേ കേരളം ഇത് കൈവരിച്ചു. നവോത്ഥാന കാലഘട്ടത്തിലൂടെയും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലൂടെയുമാണ് ഇത് സാധ്യമായത്. മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പെൺകുട്ടികളാണ് മുമ്പിൽ. സർക്കാർ മേഖലയിൽ സ്ത്രീ പ്രാതിനിധ്യം കൂടുതലാണെങ്കിലും പൊതുവായ തൊഴിൽ രംഗം പരിശോധിക്കുമ്പോൾ സ്ത്രീ പങ്കാളിത്തം കുറവാണ്.

തൊഴിൽ മേഖലയിലെ സ്ത്രീ പ്രാതിനിധ്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണെങ്കിലും കൂടുതൽ മെച്ചപ്പെടുത്തണം. സ്ത്രീകളുടെ മുന്നേറ്റത്തിന് തടസമാകുന്ന വെല്ലുവിളികളെക്കൂടി കണ്ടെത്തണം. 90 ശതമാനം സ്ത്രീകൾക്കും കരിയർ ബ്രേക്ക് ഉണ്ടാകുന്നുണ്ടെന്നാണ് നോളജ് ഇക്കോണമി മിഷൻ കണ്ടെത്തിയിട്ടുള്ളത്. ഇത് പരിഹരിക്കാനുള്ള ശ്രമങ്ങൾ വകുപ്പ് നടത്തി വരുന്നു.

സ്ത്രീകളുടെ ഉന്നമനത്തിനായി വനിത ശിശുവികസന വകുപ്പ് രൂപീകരിച്ചു. ജെൻഡർ ബജറ്റ് നടപ്പിലാക്കി. സ്ത്രീ ലിംഗത്തിൽ രാജ്യത്ത് ആദ്യമായി നിയമം പാസാക്കാൻ നമുക്ക് കഴിഞ്ഞു. ഉന്നത വിദ്യാഭ്യാസ രംഗവും തൊഴിൽ മേഖലയും തമ്മിലുള്ള ഗ്യാപ് കുറയ്ക്കാനാണ് വകുപ്പ് പരിശ്രമിക്കുന്നത്. അമ്മ ജോലിക്ക് പോകുമ്പോൾ കുഞ്ഞുങ്ങളെ സംരക്ഷിക്കാനായി ഹോസ്റ്റലുകളിൽ ക്രഷുകൾ കൂടി സ്ഥാപിച്ചു. ഏതാണ്ട് എല്ലാ ജില്ലകളിലും ഇത് നടപ്പിലാക്കി വരുന്നു. റീ സ്കില്ലിംഗ്, ക്രോസ് സ്കില്ലിംഗ് പ്രോഗ്രാമുകൾ നടപ്പിലാക്കി. നാം ലക്ഷ്യം വയ്ക്കുന്ന നവകേരളത്തിന് സ്ത്രീകളുടെ അവകാശങ്ങൾ സ്വാഭാവിക പ്രക്രിയിലൂടെ നേടിയെടുക്കാനാകണമെന്നും മന്ത്രി പറഞ്ഞു.

ട്രീസ ജോളി, ജിലുമോൾ മാരിയറ്റ് തോമസ്, വിജി പെൺകൂട്ട്, അന്ന പൂർണി സുബ്രഹ്മണ്യം എന്നിവർക്ക് വനിതാ രത്ന പുരസ്കാരം സമ്മാനിച്ചു. കുടുംബശ്രീയ്ക്കുള്ള പ്രത്യേക പുരസ്കാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് ഏറ്റുവാങ്ങി. മികച്ച കളക്ടർമാർക്കുള്ള പ്രത്യേക പുരസ്കാരം തിരുവനന്തപുരം ജില്ലാ കളക്ടർ ജെറോമിക് ജോർജ്, തൃശൂർ ജില്ലാ കളക്ടർ വി.ആർ. കൃഷ്ണ തേജ എന്നിവർ ഏറ്റുവാങ്ങി. ഇതോടൊപ്പം ഐസിഡിഎസ് പുരസ്കാരവും വിതരണം ചെയ്തു.

പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻ കുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, വനിതാ കമ്മീഷൻ ചെയർപേഴ്സൺ പി. സതീദേവി, ജെൻഡർ കൺസൾട്ടന്റ് ടി.കെ. ആനന്ദി എന്നിവർ പങ്കെടുത്തു. വനിത ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് സ്വാഗതവും വനിത ശിശുവികസന വകുപ്പ് ഡയറക്ടർ ഹരിത വി. കുമാർ കൃതജ്ഞതയും രേഖപ്പെടുത്തി.

## സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ വിജ്ഞാപനം

സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ (എസ് എസ് സി) ഇന്ത്യാ ഗവൺമെന്റിന്റെ വിവിധ മന്ത്രാലയങ്ങളിലും, വകുപ്പുകളിലും 489 തസ്തികകളിലായി നിലവിലുള്ള 2049 ഒഴിവുകളിലേക്ക് റിക്രൂട്ട്മെന്റ് നടത്തും. കംപ്യൂട്ടർ അധിഷ്ഠിത പരീക്ഷ (സി ബി ഇ) യുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്.

യോഗ്യതാ മാനദണ്ഡങ്ങൾ, നിബന്ധനകൾ, വ്യവസ്ഥകൾ, അപേക്ഷാ മാതൃക എന്നിവ https://ssc.gov.in, http://ssckkr.kar.nic.in എന്നീ ഓൺലൈൻ ലിങ്കുകളിൽ ലഭ്യമാണ്. ഓൺലൈനായി മാത്രമായിരിക്കും അപേക്ഷ സ്വീകരിക്കുന്നത്. അവസാന തീയതി മാർച്ച് 18. എല്ലാ സ്ത്രീകൾക്കും സംവരണത്തിന് അർഹരായ ഉദ്യോഗാർത്ഥികൾക്കും ഫീസ് ഒഴിവാക്കിയിട്ടുണ്ട്.

# തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം മാധ്യമരംഗമടക്കം കൂടുതൽ മേഖലകളിലേക്ക് : മന്ത്രി വി ശിവൻകുട്ടി

സംസ്ഥാനത്തെ മികച്ച തൊഴിലാളികൾക്ക് നൽകി വരുന്ന തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം മാധ്യമ മേഖലയടക്കം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുമെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. കൂടുതൽ മേഖലകളിലെ തൊഴിലാളികളെ ഉൾക്കൊള്ളിച്ച് പുരസ്കാരം ഏർപ്പെടുത്തുന്നതിലൂടെ തൊഴിലാളികൾക്കിടയിൽ ആരോഗ്യകരമായ മത്സരവും നൈപുണ്യ വികസനവും ഉറപ്പുവരുത്താനാകുമെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് തൊഴിലാളി ശ്രേഷ്ഠ പുരസ്കാര ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്ത് കൂടുതൽ സുദൃഢവും പരസ്പര പൂരകവുമായ തൊഴിലാളിതൊഴിലുടമാ ബന്ധം നിലനിർത്തുന്നതിനും തൊഴിലാളികൾക്കിടയിൽ ആരോഗ്യകരമായ മത്സരം നിലനിർത്തുന്നതിനും സർക്കാർ പലതരത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നത്. അതിൽ പ്രധാനമാണ് മികച്ച തൊഴിലാളികളെയും സ്ഥാപനങ്ങളെയും കണ്ടെത്തി ആദരിക്കുന്ന തൊഴിലാളി ശ്രേഷ്ഠയും മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡും. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം ഇത്തരത്തിലുള്ള പുരസ്കാരങ്ങൾ ഏർപ്പെടുത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം മന്ത്രി വിതരണം ചെയ്തു. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രതിഫലതുകയുള്ള അംഗീകാരം കൂടിയാണിത്. കഴിഞ്ഞ വർഷങ്ങളിൽ നിന്നും വിഭിന്നമായി രണ്ടും മൂന്നും സ്ഥാനത്തെത്തിയവർക്ക് ഇത്തവണ യഥാക്രമം 10000, 5000 എന്ന ക്രമത്തിൽ ക്യാഷ് അവാർഡും നൽകി.

ആന്റണി രാജു എം എൽ എ അദ്ധ്യക്ഷനായ ചടങ്ങിൽ മേയർ ആര്യാ രാജേന്ദ്രൻ മുഖ്യാതിഥി ആയിരുന്നു. ലേബർ സെക്രട്ടറി ഡോ. കെ വാസുകി, എംപ്ലോയ്മെന്റ് ഡയറക്ടർ ഡോ. വീണ എൻ മാധവൻ, ലേബർ കമ്മിഷണർ അർജുൻ പാണ്ഡ്യൻ, തൊഴിലാളി സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു

കേരള സംസ്ഥാന യുവജന കമ്മീഷൻ 202324 വർഷത്തെ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു. വിവിധ സാമൂഹിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുവജനങ്ങൾക്കാണ് കമ്മീഷൻ അവാർഡ് നൽകുന്നത്. കല/സാംസ്കാരികം, കായികം, സാഹിത്യം, കാർഷികം, വ്യവസായ സംരംഭകത്വം, സാമൂഹിക സേവനം തുടങ്ങിയ മേഖലകളിൽ നിസ്സാന്നിദ്ധ്യമാവുകയും വ്യത്യസ്തവും മാതൃകാപരവുമായ ഇടപെടലുകളാൽ സമൂഹത്തിനാകെ പുതുവെളിച്ചമുണ്ടാക്കുകയും ചെയ്ത യുവജനങ്ങളെയാണ് കമ്മീഷൻ നിയോഗിച്ച പ്രത്യേക ജൂറി അവാർഡിനായി തിരഞ്ഞെടുത്തത്. യുവ സംവിധായകനും തിരക്കഥാകൃത്തും അഭിനേതാവുമായ ബേസിൽ ജോസഫാണ് കല/സാംസ്കാരികം മേഖലയിൽനിന്ന് അവാർഡിനർഹനായത്. ലോംഗ് ജമ്പ് താരവും ഏഷ്യൻ ഗെയിംസ് വെള്ളി മെഡൽ ജേതാവുമായ ആൻസി സോജനാണ് കായികരംഗത്തു നിന്ന് അവാർഡിനർഹയായത്. യുവ കഥാകൃത്തുക്കളിൽ ശ്രദ്ധേയനായ കെ. അഖിലിനാണ് സാഹിത്യത്തിലുള്ള യൂത്ത് ഐക്കൺ പുരസ്കാരം.

12 വർഷമായി മത്സ്യകൃഷിയിൽ നിരന്തര പരിശ്രമം നടത്തി സ്വയം വിപുലീകരിച്ചും മാതൃക കർഷകനായി മാറിയ അശിൻ പരവൂരാണ് കാർഷിക രംഗത്തു നിന്ന് അവാർഡിനർഹനായത്. വ്യവസായം/സംരംഭകത്വം മേഖലയിൽ കേരളത്തിലെ ശ്രദ്ധേയനായ യുവ സംരംഭകനായ സജീഷ് കെ.വി. അവാർഡിനർഹയായി. കേരളത്തിൽ ലോകോത്തര നിലവാരമുള്ള സർജിക്കൽ ഉപകരണങ്ങൾ ഉല്പാദിപ്പിക്കുന്ന നിർമ്മാണ യൂണിറ്റ് സ്ഥാപിച്ചതോടെയാണ് വ്യാവസായിക രംഗത്ത് സജീഷ് തന്റെ പ്രാവീണ്യം തെളിയിച്ചത്.